കേരള സർക്കാർ

# വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി

## പദ്ധതിമൂലം തൊഴിൽദിനങ്ങൾ
## നഷ്ടപ്പെടാവുന്നവർക്കുള്ള നഷ്ടപരിഹാരവും പുനഃരധിവാസവും





**കരമടി മത്സ്യബന്ധനം**

**ഉപജീവനാഘാത നിർണ്ണയ അപ്പീൽ കമ്മിറ്റി**

**സമർപ്പിക്കുന്ന അടിമലത്തുറ മേഖലയിലെ 3-ാം ഘട്ട റിപ്പോർട്ട്**

**ഡിസംബർ 2020**

## കേരളസർക്കാർ

# വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി

പദ്ധതി മൂലം
തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടാവുന്നവർക്കുള്ള
നഷ്ടപരിഹാര പുനഃരധിവാസ പാക്കേജ്

## പദ്ധതിയുടെ കപ്പൽച്ചാൽ പ്രദേശത്തെ (അടിമലത്തുറ) കരമടി മത്സ്യബന്ധനം **3**-ാം ഘട്ട റിപ്പോർട്ട്

ഉപജീവനാഘാത നിർണ്ണയ അപ്പീൽ കമ്മിറ്റി സർക്കാർ
മുമ്പാകെ സമർപ്പിക്കുന്ന കരമടി മത്സ്യബന്ധനം സംബന്ധിച്ച്
തയ്യാറാക്കിയ റിപ്പോർട്ട്

ഡിസംബർ **2020**

## ഉള്ളടക്കം

# പദ്ധതിയുടെ കപ്പൽച്ചാൽ പ്രദേശത്തെ (അടിമലത്തുറ) കരമടി മത്സ്യബന്ധനം - 3-ാം ഘട്ട റിപ്പോർട്ട്, ഡിസംബർ, 2020


| ക്രമ നമ്പർ | വിവരണം | പേജ് നമ്പർ |
|---|---|---|
| 1 | ആമുഖം | 05 |
| 2 | **അനുബന്ധം - 1**<br>LIAC ഉം LIAC അപ്പീൽ കമ്മറ്റിയും രൂപികരിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് (G.O(RT). 577/2015/F&PD dtd.2015) | 10 |
| 3 | **അനുബന്ധം - 2**<br>18-09-2015 ൽ തയ്യാറാക്കിയ LIAC റിപ്പോർട്ട് അംഗീകരിച്ച സർക്കാർ ഉത്തരവ്<br>G.O(RT) 772/2015/F&PD dated 17/09/2015 | 12 |
| 4 | **അനുബന്ധം - 3**<br>സബ് കമ്മിറ്റി രൂപികരിച്ചു കൊണ്ടുള്ള ഫിഷറീസ് ഡയറക്ടറുടെ കത്ത്<br>(N1/12658/15/13-11-2015) | 14 |
| 5 | **അനുബന്ധം - 4**<br>21-2-2017 ലെ Project Implementation Committee യോഗത്തിന്റെ നടപടി കുറിപ്പിന്റെ പ്രസക്ത ഭാഗങ്ങൾ | 16 |
| 6 | **അനുബന്ധം - 5**<br>LIAC അപ്പീൽ കമ്മിറ്റി - മത്സ്യബന്ധന തൊഴിലാളികൾ - ഒന്നാം ഘട്ട റിപ്പോർട്ട് - നഷ്ടപരിഹാരം സംബന്ധിച്ച സർക്കാർ ഉത്തരവ് (സ.ഉ.(കൈ) നം.7/2016/മതുവ 01-03-2016) | 19 |
| 7 | **അനുബന്ധം - 6**<br>LIAC അപ്പീൽ കമ്മിറ്റി - റിസോർട്ട് തൊഴിലാളികൾ - നഷ്ടപരിഹാരം സംബന്ധിച്ച സർക്കാർ ഉത്തരവ്<br>(സ.ഉ (സാധാ) നമ്പർ 735/2016 മതുവ 31-10-2016) | 25 |
| 8 | **അനുബന്ധം - 7**<br>LIAC അപ്പീൽ കമ്മിറ്റി - മത്സ്യബന്ധന തൊഴിലാളികൾ - രണ്ടാം ഘട്ട റിപ്പോർട്ട് - നഷ്ടപരിഹാരം സംബന്ധിച്ച സർക്കാർ ഉത്തരവ് (സ.ഉ.(കൈ) നമ്പർ 4/2017 മതുവ/ 14-03-2017) | 28 |

| | | |
|---|---|---|
| 9 | **അനുബന്ധം - 8**<br>കരമടി തൊഴിലാളികൾക്കുള്ള നഷ്ടപരിഹാര പുനർനിർണ്ണയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ്<br>(സ.ഉ (കൈ) നമ്പർ 21/2017/മതുവ/17-10-2017) | 301 |
| 10 | **അനുബന്ധം - 9**<br>LIAC അപ്പീൽ കമ്മിറ്റി - മത്സ്യബന്ധന തൊഴിലാളികൾ - മൂന്നാം ഘട്ട റിപ്പോർട്ട് - നഷ്ടപരിഹാരം സംബന്ധിച്ച സർക്കാർ ഉത്തരവ് (സ.ഉ.(കൈ) നമ്പർ 13/2018 മതുവ/ 31-05-2018) | 33 |
| 11 | **അനുബന്ധം - 10**<br>LIAC അപ്പീൽ കമ്മിറ്റിയുടെ 28/11/2017 ലെ യോഗ തീരുമാനത്തിന്റെ നടപടി കുറിപ്പ് | 37 |
| 12 | **അനുബന്ധം - 11**<br>LIAC അപ്പീൽ കമ്മിറ്റി - മത്സ്യബന്ധന കരടമി ഉടമസ്ഥർ - നഷ്ടപരിഹാരം സംബന്ധിച്ച സർക്കാർ ഉത്തരവ്<br>(സ.ഉ (സാധാ) നമ്പർ 20/2019 മതുവ 10-01-2019) | 40 |
| 13 | **അനുബന്ധം - 12**<br>LIAC അപ്പീൽ കമ്മിറ്റി - മത്സ്യബന്ധന തൊഴിലാളികൾ - നഷ്ടപരിഹാരം സംബന്ധിച്ച സർക്കാർ ഉത്തരവ്<br>(സ.ഉ (കൈ) നമ്പർ 170/2019 മതുവ/ 01/03/2019) | 42 |
| 14 | **അനുബന്ധം - 13**<br>LIAC അപ്പീൽ കമ്മിറ്റി - മത്സ്യബന്ധന തൊഴിലാളികൾ - നഷ്ടപരിഹാരം സംബന്ധിച്ച സർക്കാർ ഉത്തരവ്<br>(സ.ഉ (കൈ) നമ്പർ 325/2019 മതുവ/ 29/05/2019) | 44 |
| 15 | **അനുബന്ധം - 14**<br>LIAC അപ്പീൽ കമ്മിറ്റിയുടെ 22-10-2020 ലെ യോഗ തീരുമാനത്തിന്റെ നടപടി കുറിപ്പ് | 46 |

| | **പട്ടികയുടെ വിശദവിവരം** | **എണ്ണം** | |
|---|---|---|---|
| 1 | LIAC അപ്പീൽ കമ്മിറ്റിയുടെ ഉപസമിതി (PIU) കരമടി സംബന്ധിച്ച് നടത്തിയ രേഖാപരിശോധനയിലും സ്ഥലപരിശോധനയിലും അടിമലത്തുറ കടപ്പുറത്ത് തുറമുഖ നിർമ്മാണം മൂലം ജീവനോപാധി നഷ്ടപ്പെടുന്നതും നഷ്ടപരിഹാരത്തിന് അർഹരാണെന്നും കണ്ടെത്തിയ കരമടി തൊഴിലാളികൾ | **3** | 55 |
| 2 | LIAC അപ്പീൽ കമ്മിറ്റിയുടെ ഉപസമിതി (PIU) കരമടി സംബന്ധിച്ച് നടത്തിയ രേഖാപരിശോധനയിലും സ്ഥലപരിശോധനയിലും അടിമലത്തുറ കടപ്പുറത്ത് തുറമുഖ നിർമ്മാണം മൂലം ജീവനോപാധി നഷ്ടപ്പെടാത്തതും നഷ്ടപരിഹാരത്തിന് അർഹരല്ലെന്നും കണ്ടെത്തിയവർ | **1** | 56 |

# വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി

## പദ്ധതിയുടെ കപ്പൽച്ചാൽ പ്രദേശത്തെ (അടിമലത്തുറ) കരമടി മത്സ്യബന്ധനം - 3 -ാം ഘട്ട റിപ്പോർട്ട്, ഡിസംബർ, 2020

### ആമുഖം

കേരള സർക്കാരിന്റെ സ്വപ്ന പദ്ധതിയായ വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ തുറമുഖത്തിന്റെ നിർമ്മാണത്തിന് 2014 ജനുവരി മാസം 3-ാം തീയതി, കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയം പാരിസ്ഥിതികാനുമതി നൽകി. പദ്ധതിയുടെ വികസനം സംബന്ധിച്ച വിശദമായ പാരിസ്ഥിതിക - സാമൂഹിക ആഘാത പഠനത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത അനുമതി നൽകിയത്. പദ്ധതി മൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടാവുന്ന മത്സ്യത്തൊഴിലാളികളെ കണ്ടെത്തി നഷ്ടപരിഹാരം നിശ്ചയിക്കുന്നതിനായി 20/07/2015 ലെ G.O(RT). 577/2015/ F&PD നമ്പർ ഉത്തരവ് പ്രകാരം **(അനുബന്ധം-1)** തിരുവനന്തപുരം ജില്ലാ റവന്യൂ ഡിവിഷണൽ ഓഫീസർ ചെയർമാനായി ഒരു അഞ്ചംഗ ഉപജീവനാഘാത നിർണ്ണയ സമിതിയും [Livelihood Impact Appraisal Committee –LIAC], തിരുവനന്തപുരം ജില്ലാ കളക്ടർ ചെയർമാനായി മറ്റൊരു അഞ്ചംഗ അപ്പീൽ സമിതിയും രൂപീകരിക്കുകയുണ്ടായി.

തുടർന്ന് ഉപജീവനാഘാത നിർണ്ണയ സമിതി തയ്യാറാക്കിയ റിപ്പോർട്ട് 17/09/2015 ലെ G.O(RT) 772/2015/F&PD നമ്പർ ഉത്തരവ് പ്രകാരം **(അനുബന്ധം-2)** 18/09/2015 ൽ പ്രസിദ്ധീകരിയ്ക്കുകയും ഇത് സംബന്ധിച്ച പരാതികൾ അപ്പീൽ കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതിനായി അവസരം നൽകുകയുമുണ്ടായി. തുടർന്ന് ലഭിച്ച 18000 ത്തിൽപ്പരം പരാതികൾ മത്സ്യഗ്രാമം/ മത്സ്യബന്ധന രീതി എന്നിവയുടെ അടിസ്ഥാനത്തിൽ തരംതിരിയ്ക്കുകയുണ്ടായി. പരാതികളുടെ ബാഹുല്യം കണക്കിലെടുത്ത് പദ്ധതി പ്രദേശം, സമീപ പ്രദേശം, വിദൂര പ്രദേശം എന്നിങ്ങനെ ഘട്ടം ഘട്ടമായി പരാതികൾ തീർപ്പാക്കുന്നതാണ് അഭികാമ്യമെന്ന് കണ്ടെത്തി. പ്രസ്തുത തീർപ്പാക്കലിന്റെ ഭാഗമായ പരിശോധനകൾക്കായി ഫിഷറീസ് ഡയറക്ടറുടെ 13/11/2015 ലെ N1/12658/15 നമ്പർ കത്ത് **(അനുബന്ധം-3)** പ്രകാരം അപ്പീൽ കമ്മിറ്റിയെ സഹായിക്കുന്നതിനായി സബ് കമ്മിറ്റികൾ രൂപീകരിയ്ക്കുകയുണ്ടായി. തുടർന്ന് LIAC അപ്പീൽ കമ്മിറ്റിയുടെ 21.08.2017 ൽ കൂടിയ യോഗത്തിൽ LIAC സബ് കമ്മിറ്റി താഴെപ്പറയുന്ന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പുനഃസംഘടിപ്പിച്ചു.

1. ഡെപ്യൂട്ടി ഡയറക്ടർ (ഫിഷറീസ്), പി ഐ യു - ചെയർമാൻ
2. അസിസ്റ്റന്റ് ഡയറക്ടർ, ഫിഷറീസ് സ്റ്റേഷൻ, വിഴിഞ്ഞം - മെമ്പർ & കൺവീനർ

3. പരിശോധന മേഖലയിലെ മത്സ്യഭവൻ ഓഫീസർ - മെമ്പർ
4. ഫോർമെൻ, ഫിഷറീസ് സ്റ്റേഷൻ , വിഴിഞ്ഞം - മെമ്പർ

മത്സ്യബന്ധനവുമായും സ്വയം സഹായ സംഘങ്ങളുമായും ബന്ധപ്പെട്ട പരാതികൾ പ്രസ്തുത സബ് കമ്മിറ്റി പരിശോധിയ്ക്കുവാനും റിസോർട്ട് തൊഴിലാളികൾ, ചെറുകിട കച്ചവടക്കാർ എന്നീ വിഭാഗങ്ങളുടെ പരാതികൾ ജില്ലാ ലേബർ ഓഫീസർ പരിശോധിയ്ക്കുവാനും LIAC അപ്പീൽ കമ്മിറ്റി നിർദ്ദേശിച്ചു.

2017 ഫെബ്രുവരി മാസം 21 ന് ചേർന്ന തുറമുഖ കമ്പനിയുടെ Project Implementation Committee (PIC) യോഗത്തിൽ പദ്ധതി പ്രദേശമായ വിഴിഞ്ഞം മുതൽ അടിമലത്തുറ വരെയുള്ള മത്സ്യ ഗ്രാമങ്ങളിൽ തൊഴിൽ ബാധിക്കപ്പെടുന്നവരുടെ അപേക്ഷകൾ മുൻഗണനയോടെ പരിഗണിക്കുവാനും ശേഷിക്കുന്ന മത്സ്യ ഗ്രാമങ്ങളിലെ അപേക്ഷകൾ ഇപ്പോൾ പരിഗണിക്കേണ്ടതില്ലെന്നും LIAC അപ്പീൽ കമ്മിറ്റിയ്ക്ക് PIC നിർദ്ദേശം നൽകി **(അനുബന്ധം-4).**

ലഭിച്ച പരാതികൾ VISL ന്റെ മേൽനോട്ടത്തിൽ വിവിധ മത്സ്യ ഗ്രാമ അടിസ്ഥാനത്തിലും മത്സ്യബന്ധന രീതിയുടെ അടിസ്ഥാനത്തിലും [(i) കരമടി മത്സ്യബന്ധനം, (ii) ചിപ്പി ലോബ്സ്റ്റർ മത്സ്യബന്ധനം, (iii) കട്ടമരം ഉപയോഗിച്ചുള്ള മത്സ്യബന്ധനം, (iv) മോട്ടോർ ഘടിപ്പിച്ചിട്ടുള്ള യാനം ഉപയോഗിച്ചുള്ള മത്സ്യബന്ധനം, etc.] തരംതിരിയ്ക്കുകയും പദ്ധതി പ്രദേശത്തെ പരാതികൾ ആദ്യ ഘട്ടത്തിൽ പരിശോധിച്ച് തീർപ്പാക്കാനും LIAC അപ്പീൽ കമ്മിറ്റി തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ പദ്ധതി പ്രദേശമുൾപ്പെടുന്ന വലിയ കടപ്പുറം മുതൽ ചൊവ്വര വരെയുള്ള തീര പ്രദേശത്തെ മത്സ്യബന്ധന തൊഴിലാളികളുടെ പരാതികൾ വിവിധ ഘട്ടങ്ങളിൽ പരിശോധിച്ച് റിപ്പോർട്ടുകൾ LIAC അപ്പീൽ കമ്മിറ്റി യ്ക്കു സമർപ്പിച്ചിട്ടുണ്ട്.

തുടർന്ന് LIAC അപ്പീൽ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ മത്സ്യബന്ധന തൊഴിലാളികളെ സംബന്ധിച്ച താഴെ പറയുന്ന ഒന്നാം ഘട്ട റിപ്പോർട്ടുകൾ 01-03-2016 ലെ സ.ഉ (കൈ) നം.7/2016/മതുവ പ്രകാരം **(അനുബന്ധം-5)** പ്രകാരം അംഗീകരിച്ച് അർഹരായവർക്ക് നഷ്ട പരിഹാരം വിതരണം ചെയ്തിട്ടുണ്ട്.

**മത്സ്യ ബന്ധന തൊഴിലാളികൾ - ഒന്നാം ഘട്ട റിപ്പോർട്ടുകൾ**

1. പദ്ധതി പ്രദേശത്തെ (കോട്ടപ്പുറം/ വലിയ കടപ്പുറം) കരമടി മത്സ്യബന്ധനം സംബന്ധിച്ച ഒന്നാം ഘട്ട റിപ്പോർട്ട്, ജനുവരി 2016.
2. പദ്ധതി പ്രദേശത്തെ (മുല്ലൂർ/ സൂര്യ സമുദ്ര കടപ്പുറം) ചിപ്പി/ ലോബ്സ്റ്റർ മത്സ്യബന്ധനം സംബന്ധിച്ച ഒന്നാം ഘട്ട റിപ്പോർട്ട്, ഫെബ്രുവരി 2016.
3. മുല്ലൂർ പ്രദേശത്തെസമീപ തീരപ്രദേശങ്ങളിൽ നിന്നും (ഹാർബർ വാർഡ്) തുറമുഖ പദ്ധതി പ്രദേശത്ത് ചില സന്ദർഭങ്ങളിൽ വന്ന് ചിപ്പി/ലോബ്സ്റ്റർ മത്സ്യബന്ധനം നടത്തുന്നവരുടെ ഒന്നാം ഘട്ട റിപ്പോർട്ട്, ജൂൺ 2016.

തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് തൊഴിൽ നഷ്ടപ്പെടുന്ന റിസോർട്ട് തൊഴിലാളികളെ സംബന്ധിച്ച് ജില്ല ലേബർ ഓഫീസർ പരിശോധന നടത്തി തയ്യാറാക്കിയ റിപ്പോർട്ട് LIAC അപ്പീൽ കമ്മിറ്റി പരിശോധിക്കുകയും തുടർന്ന് 31-10-2016 ലെ സ.ഉ (സാധാ) നമ്പർ 735/2016/ മതുവ പ്രകാരം **(അനുബന്ധം-6)** അംഗീകരിച്ച് അർഹരായവർക്ക് നഷ്ട പരിഹാരം വിതരണം ചെയ്തിട്ടുണ്ട്.

മത്സ്യബന്ധന തൊഴിലാളികളെ സംബന്ധിച്ച് തുടർന്ന് നടത്തിയ പരിശോധകളുടെ അടിസ്ഥാനത്തിൽ LIAC അപ്പീൽ കമ്മിറ്റി താഴെ പറയുന്ന രണ്ടാം ഘട്ട റിപ്പോർട്ടുകൾ 14-03-2017 ലെ സ.ഉ(കൈ) നമ്പർ 4/2017 മതുവ പ്രകാരം **(അനുബന്ധം-7)** അംഗീകരിച്ച് അർഹരായവർക്ക് നഷ്ട പരിഹാരം വിതരണം ചെയ്യാൻ ഉത്തരവുണ്ടായി.

**മത്സ്യ ബന്ധന തൊഴിലാളികൾ - രണ്ടാം ഘട്ട റിപ്പോർട്ടുകൾ.**

1. പദ്ധതി പ്രദേശത്തെ (കോട്ടപ്പുറം/ വലിയ കടപ്പുറം) കരമടി മത്സ്യബന്ധനം സംബന്ധിച്ച രണ്ടാം ഘട്ട റിപ്പോർട്ട്, ഒക്ടോബർ 2016.
2. പദ്ധതി പ്രദേശത്തെ (മുല്ലൂർ/ സൂര്യ സമുദ്ര കടപ്പുറം) ചിപ്പി/ ലോബ്സ്റ്റർ മത്സ്യബന്ധനം സംബന്ധിച്ച രണ്ടാം ഘട്ട റിപ്പോർട്ട്, ഒക്ടോബർ 2016.
3. മുല്ലൂർ പ്രദേശത്തെ സമീപ തീരപ്രദേശങ്ങളിൽ നിന്നും (ഹാർബർ വാർഡ്) തുറമുഖ പദ്ധതി പ്രദേശത്ത് ചില സന്ദർഭങ്ങളിൽ വന്ന് ചിപ്പി/ലോബ്സ്റ്റർ മത്സ്യബന്ധനം നടത്തുന്നവരുടെ രണ്ടാം ഘട്ട റിപ്പോർട്ട്, ഒക്ടോബർ 2016.

എന്നാൽ വലിയ കടപ്പുറം/ കോട്ടപ്പുറം ഭാഗത്ത് കരമടി മത്സ്യബന്ധനം നടത്തുന്ന തൊഴിലാളികളെ ജില്ലാ കളക്ടർ അദ്ധ്യക്ഷനായ LIAC അപ്പീൽ കമ്മറ്റി ഭാഗികമായി തൊഴിൽ നഷ്ടപ്പെടുന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയതുമൂലം ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനുവദിച്ച നഷ്ടപരിഹാരം അപര്യാപ്തമാണെന്ന് ആക്ഷേപമുയർന്നതിനെ തുടർന്ന് 15-05-2017 ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ടി പ്രദേശം ഭാവിയിൽ മത്സ്യബന്ധന തുറമുഖമായി മാറുന്നതിനാൽ, ടി തൊഴിലാളികളെ സ്ഥിരമായി തൊഴിൽ നഷ്ടപ്പെടുന്നവരുടെ വിഭാഗത്തിൽ ഉൾപ്പെടുത്തി അതിനനുസൃതമായ നഷ്ടപരിഹാരം നൽകേണ്ടതാണെന്ന് തീരുമാനിക്കുകയുണ്ടായി. തുടർന്ന് 17-10-2017 ലെ സ.ഉ(സാധാ) നമ്പർ 21/2017/ മതുവ **(അനുബന്ധം-8)** പ്രകാരം വലിയ കടപ്പുറം/ കോട്ടപ്പുറം ഭാഗത്ത് കരമടി മത്സ്യബന്ധനം നടത്തിവന്നിരുന്ന തൊഴിലാളികളെ സ്ഥിരമായി തൊഴിൽ ബാധിക്കുന്നവരുടെ ഗണത്തിൽപ്പെടുത്തി വർദ്ധിപ്പിച്ച നഷ്ടപരിഹാരം വിതരണം ചെയ്യുകയുണ്ടായി.

15-05-2017 ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഒന്നും രണ്ടും ഘട്ട റിപ്പോർട്ടുകളിൽ (കോട്ടപ്പുറം/ വലിയകടപ്പുറം) അനർഹരായി രേഖപ്പെടുത്തിയിട്ടുള്ളവരെ സംബന്ധിച്ച് പുനഃപരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ LIAC അപ്പീൽ കമ്മിറ്റിയോട് നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ച് LIAC അപ്പീൽ കമ്മിറ്റി കോട്ടപ്പുറം/ വലിയകടപ്പുറം ഭാഗത്ത് വീണ്ടും

പരിശോധന നടത്തുകയും  മൂന്നാം ഘട്ട റിപ്പോർട്ടായി 31-05-2018 ലെ സ.ഉ(സാധാ) നമ്പർ 13/2018/ മതുവ **(അനുബന്ധം-9)** പ്രകാരം പ്രസിദ്ധീകരിച്ച് നഷ്ടപരിഹാരം വിതരണം ചെയ്തു.

പദ്ധതിയുടെ കപ്പൽച്ചാൽ പ്രദേശത്തുള്ള (അടിമലത്തുറ) കരമടി മത്സ്യത്തൊഴിലാളികളുടെ ജീവനോപാധി ബാധിക്കപ്പെട്ടതായി LIAC അപ്പീൽ കമ്മിറ്റി കണ്ടെത്തിയതിനാൽ 28.11.2017 ൽ കൂടിയ യോഗം **(അനുബന്ധം-10)** ഇവരുടെ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ  LIAC സബ് കമ്മിറ്റി (PIU) യെ ചുമതലപ്പെടുത്തി. ഇതനുസരിച്ച് നടത്തിയ പരിശോധനകളുടെ അടിസ്ഥാനത്തിൽ അടിമലത്തുറ ഭാഗത്തെ കരമടിത്തൊഴിലാളികളെ സംബന്ധിച്ച ഒന്നാം ഘട്ട റിപ്പോർട്ട് 31-05-2018 ലെ സ.ഉ(സാധാ) നമ്പർ 13/2018/ മതുവ **(അനുബന്ധം-9)** പ്രകാരം പ്രസിദ്ധീകരിച്ച് നഷ്ടപരിഹാരം വിതരണം ചെയ്തു.

ഒന്നാം ഘട്ട റിപ്പോർട്ടിൽ കൂടുതൽ തെളിവുകൾ ആവശ്യമായവരിൽ അപ്പീൽ നൽകിയവരുടേയും മഹസ്സർ തയ്യാറാക്കി ഏറ്റെടുത്ത കരമടി ഉപകരണങ്ങളുടെ വാല്യൂവേഷൻ പൂർത്തിയാക്കിയ അടിമലത്തുറ മേഖലയിലെ കരമടി ഉടമസ്ഥരുടേയും [10/01/2019 ലെ സ.ഉ(സാധാ) നമ്പർ 20/2019/ മതുവ **(അനുബന്ധം-11)**] 2-ാം ഘട്ടമായി നടന്ന അടിമലത്തുറ മേഖലയിലെ കരമടിതൊഴിലാളികളുടെ പരിശോധനാ റിപ്പോർട്ട്  രണ്ടാം ഘട്ടമായി 01/03/2019 ലെ സ.ഉ(സാധാ) നമ്പർ 170/2019/ മതുവ **(അനുബന്ധം-12)** പ്രകാരം പ്രസിദ്ധീകരിച്ച് നഷ്ടപരിഹാരം വിതരണം ചെയ്തു.

കോട്ടപ്പുറത്തെ കരമടിത്തൊഴിലാളികളുടെ മുൻ റിപ്പോർട്ടുകളിൽ ക്ഷേമനിധി പാസ്ബുക്കിൽ വ്യക്തത ആവശ്യമാണെന്ന് കണ്ടെത്തിയിരുന്നവരിൽ ആയവ ഹാജരാക്കിയവരെ പരിശോധിച്ച് തയ്യാറാക്കിയ കോട്ടപ്പുറത്തെ കരമടിത്തൊഴിലാളികളുടെ നാലാംഘട്ട റിപ്പോർട്ട് 29/05/2019 ലെ സ.ഉ(സാധാ) നമ്പർ 325/2019/ മതുവ **(അനുബന്ധം-13)** പ്രകാരം പ്രസിദ്ധീകരിച്ച് നഷ്ടപരിഹാരം വിതരണം ചെയ്തു.

അടിമലത്തുറയിലെ കരമടിത്തൊഴിലാളികളുടെ മുൻ റിപ്പോർട്ടുകളിൽ കരമടിത്തൊഴിലാളിയാണെന്നതിന് കൂടുതൽ തെളിവുകൾ ആവശ്യമാണെന്ന് കണ്ടെത്തിയിരുന്നവരിൽ ആയവ ഹാജരാക്കിയവരുടെ പരിശോധന പൂർത്തീകരിച്ച് 22.10.2020 ൽ കൂടിയ LIAC അപ്പീൽ കമ്മിറ്റി **(അനുബന്ധം-14)** അംഗീകരിച്ച അടിമലത്തുറയിലെ കരമടിത്തൊഴിലാളികളുടെ പരിശോധനാ റിപ്പോർട്ടാണിത്.

ഈ റിപ്പോർട്ടിൽ താഴെപ്പറയുന്ന പട്ടികകൾ ഉൾപ്പെടുന്നു.

| പട്ടിക നമ്പർ | പട്ടികയുടെ വിശദവിവരം | എണ്ണം |
|---|---|---|
| **1** | LIAC അപ്പീൽ കമ്മിറ്റിയുടെ ഉപസമിതി (PIU) കരമടി സംബന്ധിച്ച് നടത്തിയ രേഖാപരിശോധനയിലും സ്ഥലപരിശോധനയിലും അടിമലത്തുറ കടപ്പുറത്ത് തുറമുഖ നിർമ്മാണം മൂലം ജീവനോപാധി നഷ്ടപ്പെടുന്നതും നഷ്ടപരിഹാരത്തിന് അർഹരാണെന്നും കണ്ടെത്തിയ  കരമടിത്തൊഴിലാളികൾ. | **3** |
| **2** | LIAC അപ്പീൽ കമ്മിറ്റിയുടെ ഉപസമിതി (PIU) കരമടി സംബന്ധിച്ച് നടത്തിയ രേഖാപരിശോധനയിലും സ്ഥലപരിശോധനയിലും അടിമലത്തുറ കടപ്പുറത്ത് തുറമുഖ നിർമ്മാണം മൂലം ജീവനോപാധി നഷ്ടപ്പെടാത്തതും നഷ്ടപരിഹാരത്തിന് അർഹരല്ലെന്നും കണ്ടെത്തിയവർ | **1** |
| | ആകെ | **4** |

ഈ റിപ്പോർട്ട് സർക്കാർ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

1. ജില്ലാ കളക്ടർ, തിരുവനന്തപുരം ( ചെയർമാൻ, LIAC അപ്പീൽ കമ്മിറ്റി)
2. ഫിഷറീസ് ഡയറക്ടർ (കൺവീനർ & വൈസ് ചെയർമാൻ, LIAC അപ്പീൽ കമ്മിറ്റി)
3. ഡയറക്ടർ, തുറമുഖ വകുപ്പ് (മെമ്പർ, LIAC അപ്പീൽ കമ്മിറ്റി)
4. മാനേജിംഗ് ഡയറക്ടർ, മത്സ്യഫെഡ് (മെമ്പർ, LIAC അപ്പീൽ കമ്മിറ്റി)
5. ഡയറക്ടർ, കോസ്റ്റൽ ഏര്യ ഡെവലപ്മെന്റ് കോർപ്പറേഷൻ (മെമ്പർ, LIAC അപ്പീൽ കമ്മിറ്റി)

തിരുവനന്തപുരം

29/12/2020

**GOVERNMENT OF KERALA**

**Abstract**

Fisheries & Ports Department - Vizhinjam International Deep water Multipurpose Seaport Project - Rehabilitation and resettlement of project affected persons - Constitution of Livelihood Impact Appraisal Committee - Orders issued

**Fisheries & Ports (E) Department**

G.O(Rt) No. 577/2015/F&PD. Dated, Thiruvananthapuram, 20-07-2015.

Read:- 1 Letter No. VISL/2012-13/EE&E1 3(B)/604 dated 16-06-2015 from the Managing Director, Vizhinjam International Seaport Ltd.
2 Minutes of the meeting held on 07-07-2015

**ORDER**

The Ministry of Environment & Forests, (MoEF), Government of India, has issued Environmental Clearance to the Vizhinjam International Deep water Multipurpose Seaport Project based on the Environment and Social Impact Assessment (ESIA) study report prepared through M/s L&T Ramboll Consulting Engineers Ltd. As per the ESIA report, the Project Affected Persons have been identified in the following two categories namely (i) those affected by loss of land due to land acquisition and (ii) those affected due to loss of livelihood.

The package for Project Affected Persons who is affected due to loss of land (first category) has already been fixed and compensated as part of the land acquisition process. The ESIA report has given an estimate of the second category (ie. whose livelihood is affected) along with a compensation package.

Accordingly, the Managing Director, Vizhinjam International Seaport Ltd in his letter read above has requested to constitute Livelihood Impact Appraisal Committee for the purpose. In the meeting convened by the Hon. Minister (Ports) held on 07-07-2015 it was decided to constitute the Livelihood Impact Appraisal Committee and Appellate committee to Livelihood Impact Appraisal Committee.

In the circumstance, Government are pleased to constitute Livelihood Impact Appraisal Committee with the following members for appraisal and identification of the persons affected by the development of Vizhinjam International Deep water Multipurpose Seaport Project.

| | | |
|---|---|---|
| 1) Revenue Divisional Officer, Thiruvananthapuram | - | Chairman |
| 2) Joint Director Fisheries, Southern Region | - | Convenor & Vice Chairman |
| 3) Principal Scientist & Scientist in charge, CMFRI, Vizhinjam | - | Member |
| 4) Deputy Director, Ports Department | - | Member |
| 5) General Manager , Matsyafed | - | Member |

The Committee is entrusted with the following task.

(i) Identification of the individual fishermen; the resort workers and other affected Project Affected Persons

(ii) Fixation of the compensation package

Government are also pleased to constitute an Appellate Committee to Livelihood Impact Appraisal Committee with the following persons.

1) District Collector, Thiruvananthapuram - Chairman
2) Director, Fisheries - Convenor & Vice Chairman
3) Director, Ports - Member
4) Managing Director, Matsyafed - Member
5) Director, Coastal Area Development Corporation - Member

Vizhinjam International Seaport Ltd will provide all secretarial assistance for the functioning of the above two committee, including arranging resource persons (like MoEF accredited environmental / social agencies /experts, field survey staff etc.) for the successful accomplishment of the task.

(By Order of the Governor)

**T.S.JAYASREE**
Additional Secretary to Government

To

1) The District Collector, Thiruvananthapuram.
2) The Director, Fisheries Department, Thiruvananthapuram
3) The Director of Ports, Thiruvananthapuram
4) The Managing Director, Vizhinjam International Seaport Ltd, Thiruvananthapuram
5) The Managing Director, Matsyafed, Kamaleswaram, Manacuad.P.O
6) The Director, Coastal Area Development Corporation
7) Principal Scientist & Scientist in charge, Central Marine Fisheries Research Institute , Vizhinjam
8) The Committee members (through Vizhinjam International Seaport Ltd)
9) SF/OC

Forwarded/By order

Section Officer

**GOVERNMENT OF KERALA**

**Abstract**

Fisheries & Ports Department – Livelihood Impact Appraisal Committee on rehabilitation and resettlement of the persons affected by the development of Vizhinjam International Deep water Multipurpose Seaport Project – Report - Published - Orders issued

==================================================

**Fisheries & Ports (E) Department**

G.O(Rt) No. 772/2015/F&PD. Dated, Thiruvananthapuram, 17-09-2015.

==================================================

Read:- 1 G.O(Rt)No.577/15/F&PD dated 20-07-2015

2 Letter No. C-1472//15 dated 14-09-2015 from the Chairman Livelihood Impact Appraisal Committee (Sub Collector, Thiruvananthapuram)

**ORDER**

As per Government Order read as first paper above, Government have constituted a Livelihood Impact Appraisal Committee under the chairmanship of Revenue Divisional Officer, Thiruvananthapuram for appraisal and identification of persons affected by the development of Vizhinjam International Deep water Multipurpose Seaport Project. Government also constituted an Appellate Committee to Livelihood Impact Appraisal Committee under the chairmanship of the District Collector, Thiruvananthapuram.

The Chairman, Livelihood Impact Appraisal Committee (Sub Collector, Thiruvananthapuram) in his letter read as second paper above has submitted the Report of Livelihood Impact Appraisal Committee on rehabilitation and resettlement of project affected persons of Vizhinjam Project for approval.

Government have examined the Report in detail and are pleased to accord sanction to publish the Report / rehabilitation package submitted by the Livelihood Impact Appraisal Committee. The Report will be published on 18-09-2015 by Vizhinjam International Seaport Ltd. Copies of the Report / package will be made available in Matsya Bhavan, Vizhinjam, Village office, Vizhinjam, Revenue Divisional Office, Collectorate and Office of Vizhinjam International Seaport Ltd Office. Vizhinjam International Seaport Ltd will publish the Report in their website also. Part of the Report relevant to a particular beneficiary will be made available to each beneficiary through the Matsya Bhavan.

Time will be given for filing objections, if any to the Report, upto 25th September 2015. Public will sent objections, if any, to the District Collector by post or email or deposit in boxes specially kept for the purpose in Collectorate. Thiruvananthapuram, Office of the Revenue Divisional Officer, Thiruvananthapuram, Village office, Vizhinjam and Matsya Bhavan, Vizhinjam.

District Collector , Thiruvananthapuram will hear the objections and submit final report to Government immediately.

(By Order of the Governor)

**JAMES VARGHESE**
Principal Secretary to Government

To
1) The District Collector, Thiruvananthapuram.
2) The Revenue Divisional Officer, Thiruvananthapuram
3) The Director of Fisheries, Thiruvananthapuram.
4) The Managing Director, Vizhinjam International Seaport Ltd, Thiruvananthapuram.
5) The Village Officer, Village Office, Vizhinjam
6) Information and Public Relations Department
7) SF/OC

Forwarded/By order

Section Officer

Urgent/By E-mail

No. N1-12658/2015

office of the Director of Fisheries
Vikas Bhavan, Thiruvananthapuram
Dated. 13.11.2015

From

Director of Fisheries

To

The Managing Director
Matsyfed.

The Joint Director of Fisheries (SZ)

The Deputy Director Fisheries
Thiruvananthapuram.

Regional Executive
KFWFB, Thiruvananthapuram.

Sir,

Sub:- Fisheries – Livelihood Impact Appraisal Committee on Rehabilitation and resettlement of project affected persons of Vizhinjam International Sea Port – Processing of Appeals – reg.

Ref:- 1) This Office letter even no. dated 16/10/15.
2) Meeting on 11/11/15 at the chamber of Director of Fisheries.
3) Meeting on 12/11/2015 at the South conference hall, Secretariat.

As per reference 1st cited direction was issued for processing of Appeal application on Livelihood Impact Appraisal Committee (LIAC). The meeting held at the chamber of Director of Fisheries on 11/11/2015 with Officials from Matsyafed, Fund Board and Senior Officers at directorate of Fisheries decided to constitute a sub committee to evaluate the Appeals on LIAC. The meeting held on 12/11/15 at South Conference Hall, Secretariat have discussed the processing of Appeals on LIAC and directed to complete the work in a fastidious manner.

In the above circumstances, a sub committee is constituted for evaluating the Appeals on a LIAC, with following members.

| | | | |
|---|---|---|---|
| 1 | Sri. H. Salim | Deputy Director of Fisheries (Z), TVM | Chairman |
| 2 | Dr. S. Harikumar | Assistant Manger, Matsyafed | Member |
| 3 | Smt. Mary Ann | Project Officer, Matsyafed, Vizhijam | " |
| 4 | Sri. Lijin .s | Fisheries Officer, Fund Board, Poovar | " |
| 5 | Sri. Aneesh.C.B | Fisheries Officer, Fund Board, Pallam | " |
| 6 | Smt. Reena John | Fisheries Officer, Fund Board, Vizhijam | " |
| 7 | Sri. C. Anilkumar | MO,Pallam | " |
| 8 | Sri. Rajeev | MO,Adimalathura | " |
| 9 | Sri. Ronald.W | MO, Vizhijam | " |
| 10 | Sri. Satheeshkumar A.P | Assistant Director of Fisheries, Vizhijam | Convener |

The overall monitoring and supervision of processing of Appeals on LIAC will be by Joint Director of Fisheries (SZ) and the first meeting of the committee will be held on 11 A.M. at the chamber of Joint Director of Fisheries (SZ) on 16.11.2015. The report will be submitted to District Collector, Tvm by the Chairman of the Committee as early as possible.

Yours faithfully,

Sd/-

For Director of Fisheries

Copy to: (1) District Manger, Matsyafed, Tvm

2. Assistant Director of Fisheries, Vizhijam –to intimate the members regarding the meeting.

Copy received

5. Compensation to Livelihood Affected Persons (LAP's)

The 3rd PIC decided that for expediting the identification and disbursement of compensation to LAP's, separate teams with members from fisheries, labour and agriculture department shall be constituted on working arrangement basis and that the team shall accomplish the task in a period of 6 months from 1st Feb 2017, ie. by 31st July 2017. Regarding the 18000 plus representation received for consideration under the LAP category, the Committee observed that the applications of LAP's at the fishing villages from Vizhinjam to Adimalathura need only be considered for the time being considering that the impact will be limited to this stretch in the development stage as outlined in the EIA report approved by the MoEF, GoI. The applications of the LAP's from other far off fishing villages shall be kept aside and shall be considered later on a fishing village basis, if any specific impact induced due to the Vizhinjam port project is reported in future.

PIC 4

LAP's in the fishing villages from Vizhinjam to Adimalathura and disbursement of compensation and (ii) for implementation of the social welfare measures outlined in the Government vide the GO(MS) No.55/2015/F&PD dated 11.11.2015, amounting to Rs.475 crores in the coastal areas of Thiruvananthapuram district for overall betterment of the community in the aftermath of the development of the Vizhinjam seaport

3. The Committee agreed to the structure of the PIU with

Deputy Director (Fisheries) –(1);
Assistant Director (Fisheries)-(1);
Junior Superintendent –(1);
Sub Inspector of Fisheries- (6)

4. The Committee decided to recommend to Government to create these posts temporarily for a period of 3 years.

5. The Committee also fixed (i) a timeline of six months for completion of the identification process of the LAP's in the fishing villages from Vizhinjam to Adimalathura and disbursement of compensation and (ii) a timeline of 3 years for implementation of the welfare measures as per the GO(MS) No.55/2015/F&PD dated 11.11.2015

6. The expenses on account of the functioning of the PIU shall be borne by the Fisheries Department.

The Director, Fisheries reported that over and above the completion of the identification process of these LAP's in the fishing villages from Vizhinjam to Adimalathura and disbursement of compensation, the Government vide the GO(MS) No.55/2015/F&PD dated 11.11.2015, had issued an order for social welfare measures amounting to Rs.475 crores to be implemented in the coastal areas of Thiruvananthapuram district for overall upliftment of the community in the aftermath of the development of the Vizhinjam seaport. For implementation of the projects mentioned therein through the Fisheries department, there is a need for a Project Implementation Unit (PIU) located at Vizhinjam under the leadership of a Deputy Director of Fisheries with the following structure :

| | |
|---|---|
| Deputy Director (Fisheries) | 1 |
| Assistant Director (Fisheries) | 1 |
| Junior Superintendent | 1 |
| Sub Inspector of Fisheries | 8 |

The Committee was informed that as there are no posts to be spared from the Department, these posts may be created temporarily for a period of 3 years with the specific task of implementation of the projects mentioned in the G.O. This PIU shall also be assigned with the task of completion of the verification of the pending appeals of the LAP's in the near project fishing villages from Vizhinjam to Adimalathura, with a time frame of 6 months. The total annual recurring expenditure for the functioning of PIU is estimated as Rs 85.788 lakh.

The Committee discussed the matter in detail and decided to recommend the proposal to the Government for consideration.

Decision Taken

1. The Committee authorised the Livelihood Impact Appraisal Committee of the Vizhinjam seaport to settle the applications of LAP's in the near project areas of Vizhinjam to Adimalathura on priority basis. The applications of the LAP's from other far off fishing villages shall be kept aside and shall be considered later on a fishing village basis, if any specific impact induced due to the Vizhinjam port project is reported in future.

2. The Committee decided to recommend to the Government to create a Project Implementation Unit (PIU) for (i) the completion of the identification process of the

## കേരള സർക്കാർ

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് - വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖ പദ്ധതി - തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുന്നവർക്കുള്ള നഷ്ടപരിഹാരം - LIAC അപ്പീൽ കമ്മിറ്റി റിപ്പോർട്ട് അംഗീകരിച്ച് ഉത്തരവാകുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(കൈ)നം. 7/2016/മതുവ  തിരുവനന്തപുരം, തീയതി: 01 -03-2016

---

പരാമർശം:-

1 20-07-2015 ലെ സ.ഉ.(സാധാ)577/2015/മതുവ നമ്പർ ഉത്തരവ്

2 17-09-2015 ലെ സ.ഉ.(സാധാ)772/2015/മതുവ നമ്പർ ഉത്തരവ്

3 വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 16-06-2015 ലെ VISL/2012-13/EE&E1-3(B)/1604, 22-02-2016 ലെ VISL/2012-13/EE&E 13(B)/1315 നമ്പർ കത്തുകൾ

**ഉത്തരവ്**

വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖത്തിന്റെ വികസനത്തിന് L&T റാമ്പോൾ കൺസൾട്ടിംഗ് എഞ്ചിനീയേഴ്സ് ഇന്ത്യ ലിമിറ്റഡ് തയ്യാറാക്കിയ പരിസ്ഥിതി പഠന റിപ്പോർട്ട് പ്രകാരം പദ്ധതിമൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുന്നവരുടെ എണ്ണം കണക്കാക്കിയിട്ടുണ്ട്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുറമുഖ വികസനം മൂലം പദ്ധതി പ്രദേശത്ത് തൊഴിൽ ബാധിക്കുന്നവരെ കണ്ടെത്തുന്നതിനും അവരുടെ നഷ്ടപരിഹാരവും പുനരധിവാസവും നിശ്ചയിക്കുന്നതിനുമായി പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ഓഫീസർ ചെയർമാനായ 5 അംഗ ഉപജീവനാഘാത നിർണ്ണയ സമിതി Livelihood Impact Appraisal കമ്മിറ്റിയും (LIAC) അതിൻമേലുയരുന്ന പരാതികൾ പരിഗണിക്കുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടർ ചെയർമാനായ 5 അംഗ അപ്പീൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. LIAC തയ്യാറാക്കിയ റിപ്പോർട്ട് പരാമർശം രണ്ടിലെ ഉത്തരവു പ്രകാരം പ്രസിദ്ധപ്പെടുത്തി. ഇതിൻമേൽ ലഭിച്ച 18800 ലധികം പരാതികൾ വിവിധ വിഭാഗങ്ങളായി തിരിച്ച് LIAC അപ്പീൽ കമ്മിറ്റി പരിശോധിക്കുകയുണ്ടായി .

**2)** അപ്പീൽ കമ്മിറ്റിയുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനായി തുറമുഖ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 09-02-2016 ൽ ചേർന്ന യോഗത്തിൽ പദ്ധതി പ്രദേശത്തെ (മുല്ലൂർ / സൂര്യസമുദ്ര ബീച്ചുകൾ) ചിപ്പി / ലോബ്സ്റ്റർ, മത്സ്യബന്ധനം നടത്തുന്ന തൊഴിലാളികളുടെ 1-ാം ഘട്ട റിപ്പോർട്ടും, പദ്ധതി പ്രദേശത്തെ (കോട്ടപ്പുറം / വലിയ കടപ്പുറം) കരമടി മത്സ്യബന്ധനം നടത്തുന്ന ഉടമകളുടേയും

തൊഴിലാളികളുടേയും 1-ാം ഘട്ട റിപ്പോർട്ടും, സർക്കാരിന്റെ അംഗീകാരത്തിനായി LIAC അപ്പീൽ കമ്മിറ്റി ചെയർമാനായ ജില്ലാകളക്ടർ സമർപ്പിക്കുകയും റിപ്പോർട്ട് സംബന്ധിച്ച് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ സർക്കാരിലേക്ക് സമർപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

1. കോട്ടപ്പുറം / വലിയ കടപ്പുറം ഭാഗത്ത് നിലവിൽ കരമടി മത്സ്യബന്ധനം നടത്തുന്ന ഉടമകൾ [പട്ടിക - 1 (എ)], നിലവിൽ പ്രവർത്തനമില്ലാത്ത കരമടി ഉടമകളേയും [പട്ടിക - 1 (ബി)], സ്ഥലപരിശോധനയിലും രേഖാ പരിശോധനയിലും കരമടി മത്സ്യത്തൊഴിലാളികളെന്നു കണ്ടെത്തിയവർ (പട്ടിക - (2)), സ്ഥലപരിശോധനയിലും രേഖാ പരിശോധനയിലും കരമടി മത്സ്യത്തൊഴിലാളികളെന്നു കണ്ടെത്തിയ പെൻഷണർമാർ (പട്ടിക - 3) എന്നിവർക്ക് എൽ.ഐ.എ.സി. ശുപാർശ അനുസരിച്ച് നഷ്ടപരിഹാരം നൽകുന്നതിന് സർക്കാരിനോട് ശുപാർശ ചെയ്യുക, കൂടുതൽ പരിശോധന ആവശ്യമാണെന്നു കണ്ടെത്തിയവരുടെ പുന:പരിശോധന നടത്തുക.

2. മുല്ലൂർ / സൂര്യസമുദ്ര ബീച്ചുകളിൽ നടത്തിയ പരിശോധനയിലും തുടർന്ന് നടത്തിയ രേഖാ പരിശോധനയിലും ചിപ്പി / ലോബ്സ്റ്റർ തൊഴിലാളികളാണെന്നു കണ്ടെത്തിയവർ (എ പട്ടിക - 1), മുല്ലൂർ / സൂര്യസമുദ്ര ബീച്ചുകളിൽ നടത്തിയ പരിശോധനയിലും തുടർന്ന് നടത്തിയ രേഖാ പരിശോധനയിലും ചിപ്പി / ലോബ്സ്റ്റർ തൊഴിലാളികളാണെന്നു കണ്ടെത്തിയ പെൻഷണർമാർ (എ പട്ടിക - 2) എന്നിവർക്ക് എൽ.ഐ.എ.സി. ശുപാർശ അനുസരിച്ച് നഷ്ടപരിഹാരം നൽകുക.

3. പദ്ധതി പ്രദേശത്തിന്റെ തീരത്തുനിന്ന് കട്ടമരം ഉപയോഗിക്കാതെ ചിപ്പി ശേഖരിക്കുന്നവരുടെ വരുമാനം കട്ടമരം ഉപയോഗിച്ച് ചിപ്പി ശേഖരിക്കുന്നവരുടെ വരുമാനത്തിന്റെ 1/6 മാത്രമാണെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ഇവർക്കുള്ള നഷ്ടപരിഹാരം 2 ലക്ഷം വീതം നൽകുക.

4. മുല്ലൂർ പ്രദേശത്തെ സമീപ തീരപ്രദേശങ്ങളിൽ (ഹാർബർ വാർഡ്) നിന്നും തുറമുഖ പദ്ധതി പ്രദേശത്ത് ചില സന്ദർഭങ്ങളിൽ വന്ന് ചിപ്പി ശേഖരിക്കുന്നവരുടെ നിജസ്ഥിതി സംബന്ധിച്ച അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് അവർ വർഷത്തിൽ ഏതാണ്ട് ഒരു മാസം സമയം ഇവിടെ നിന്നും ചിപ്പി ശേഖരിച്ചിരുന്നു എന്ന വിലയിരുത്തലിന്റെയടിസ്ഥാനത്തിൽ ഇവർക്കും 2 ലക്ഷം വീതം നഷ്ടപരിഹാരം നൽകുക.

5. പദ്ധതി പ്രദേശത്ത് കട്ടമരം കെട്ടുന്നതിനു സഹായിക്കുന്നവർ, പദ്ധതി പ്രദേശത്തുനിന്നും ചിപ്പി / ലോബ്സ്റ്റർ കച്ചവടം നടത്തുന്നവർ എന്നു കണ്ടെത്തുന്നവർക്ക് 1 ലക്ഷം രൂപ വീതം നൽകുക.

6. മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികളിൽപ്പെടുത്തി, വിഴിഞ്ഞം പദ്ധതിക്കായി സംസ്ഥാന ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും പദ്ധതി പ്രദേശത്ത് സ്ഥിരമായി ജീവനോപാധി നഷ്ടപ്പെടുന്നവർക്കുള്ള നഷ്ടപരിഹാരം

പുനരധിവാസ കമ്മിറ്റി നിർദ്ദേശിക്കുന്നവർക്ക് നൽകുന്നതിന് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിയ്ക്ക് അനുവാദം നൽകുക.

7. പുനരധിവാസത്തിന് നൽകുന്ന തുക Bank Account Transfer മുഖേനയോ, ക്രോസ് ചെയ്ത ചെക്ക് ആയോ നൽകുന്നതിനും ശുപാർശ ചെയ്യുക.

8. ലിസ്റ്റിൽപ്പെട്ടവരുടെ ഉപകരണങ്ങൾ സബ്കമ്മിറ്റി അംഗങ്ങളുടെ മേൽനോട്ടത്തിൽ വിഴിഞ്ഞം തുറമുഖ കമ്പനി മഹസ്സർ തയ്യാറാക്കി ഏറ്റെടുക്കേണ്ടതും ഭദ്രമായി സൂക്ഷിക്കേണ്ടതും ലേലം ചെയ്ത് മുതൽ കൂട്ടുക. ഏതെങ്കിലും ഉപകരണങ്ങളെക്കുറിച്ച് നടപടി ക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ലാത്ത പക്ഷം അവയും മഹസ്സർ തയ്യാറാക്കി ഭദ്രമായി സൂക്ഷിക്കുകയും നടപടി ക്രമങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് അവയെക്കുറിച്ച് അവസാന തീരുമാനമെടുക്കുകയും ചെയ്യുക.

**3)** LIAC അപ്പീൽ കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരം 23,80,38,200/-രൂപ പുനരധിവാസ നഷ്ടപരിഹാരമായി നൽകേണ്ടതുണ്ടെന്ന് മാനേജിംഗ് ഡയറക്ടർ, വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തു.

**4)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. LIAC അപ്പീൽ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൻ പ്രകാരം താഴെപ്പറയുന്ന നഷ്ടപരിഹാരം നൽകേണ്ടതുണ്ടെന്നു കണക്കാക്കിയിരിക്കുന്നു.

| ക്രമ നം. | നഷ്ടപരിഹാരം നൽകേണ്ട വിഭാഗം | ഗുണ ഭോക്താക്കളുടെ എണ്ണം | ഓരോ ആളിനും നൽകുന്ന തുക | ആകെ തുക |
|---|---|---|---|---|
| I | ചിപ്പി / ലോബ്സ്റ്റർ തൊഴിലാളികൾ | | | |
| i) | കട്ടമരം ഉപയോഗിച്ച ചിപ്പി ശേഖരിക്കുന്നവർ (fully displaced) | | | |
| a) | 5 A പട്ടിക 1 | 54 | 12,50,000/- | 6,75,00,000/- |
| b) | 5A പട്ടിക 2 | 9 | 11,99,600/- | 1,07,96,400/- |
| c) | അന്തിമ റിപ്പോർട്ടിൽ കൂടുതലായി വന്നേക്കാവുന്ന ഗുണഭോക്താക്കളുടെ എണ്ണം | 20 | 12,50,000/- | 2,50,00,000/- |
| ii) | കട്ടമരം ഉപയോഗിക്കാതെ ചിപ്പി ശേഖരിക്കുന്നവർ (fully displaced) | | | |
| | അന്തിമ റിപ്പോർട്ടിൽ കൂടുതലായി വന്നേക്കാവുന്ന ഗുണഭോക്താക്കളുടെ എണ്ണം | 50 | 2,00,000/- | 1,00,00,000/- |
| iii) | കട്ടമരം ഉപയോഗിക്കാതെ ചിപ്പി ശേഖരിക്കുന്നവർ | | | |

| | | | | |
|---|---|---|---|---|
| | (seasonally affected) | | | |
| | അന്തിമ റിപ്പോർട്ടിൽ കൂട്ടതലായി വന്നേക്കാവുന്ന ഗുണഭോക്താക്കളുടെ എണ്ണം | 250 | 2,00,000/- | 5,00,00,000/- |
| iv) | ചിപ്പി കച്ചവടക്കാർ അന്തിമ റിപ്പോർട്ടിൽ കൂട്ടതലായി വന്നേക്കാവുന്ന ഗുണഭോക്താക്കളുടെ എണ്ണം | 100 | 1,00,000/- | 1,00,00,000/- |
| **II** | കരമടി | | | |
| i) | ഉടമകൾ | | | |
| a) | പട്ടിക I A | 1 | 22,00,000/- | 22,00,000/- |
| | | 1 | 20,00,000/- | 20,00,000/- |
| | | 1 | 20,15,000/- | 20,15,000/- |
| | | 1 | 20,85,000/- | 20,85,000/- |
| | | 1 | 19,95,000/- | 19,95,000/- |
| b) | പട്ടിക I B | 1 | 5,75,000/- | 5,75,000/- |
| | | 1 | 5,75,000/- | 5,75,000/- |
| | അന്തിമ റിപ്പോർട്ടിൽ കൂട്ടതലായി വന്നേക്കാവുന്ന ഗുണഭോക്താക്കളുടെ എണ്ണം | 1 | 21,30,000/- | 21,30,000/- |
| | മത്സ്യതൊഴിലാളികൾ | | | |
| a) | പട്ടിക 2 | 90 | 2,50,000/- | 2,25,00,000/- |
| b) | പട്ടിക 3 | 27 | 2,28,400/- | 61,66,800/- |
| c) | അന്തിമ റിപ്പോർട്ടിൽ കൂട്ടതലായി വന്നേക്കാവുന്ന ഗുണഭോക്താക്കളുടെ എണ്ണം | 90 | 2,50,000/- | 2,25,00,000/- |
| | ആകെ | | | 23,80,38,200/- |

**5)** ഈ സാഹചര്യത്തിൽ വിഴിഞ്ഞം ഉറമുഖ പദ്ധതിമൂലം തൊഴിൽ നഷ്ടപ്പെടുന്നവർക്കുള്ള നഷ്ടപരിഹാരം സംബന്ധിച്ച് ജില്ലാ കളക്ടർ ചെയർമാനായ LIAC അപ്പീൽ കമ്മിറ്റി സമർപ്പിച്ചിട്ടുള്ളതും അനുബന്ധം I, II ആയി ചേർത്തിട്ടുള്ളതുമായ പദ്ധതി പ്രദേശത്തെ (മുല്ലൂർ / സൂര്യ സമുദ്ര ബീച്ചുകൾ ) ചിപ്പി / ലോബ്സ്റ്റർ മത്സ്യബന്ധനം നടത്തുന്ന തൊഴിലാളികളുടെ 1-ാം ഘട്ട റിപ്പോർട്ടും കോട്ടപ്പുറം കരമടി മത്സ്യബന്ധനം നടത്തുന്ന ഉടമകളുടെയും തൊഴിലാളികളുടെയും ഒന്നാം ഘട്ട റിപ്പോർട്ടും അംഗീകരിച്ച് ഉത്തരവാകുന്നു.

കൂടാതെ 09-02-2016 ൽ നടന്ന LIAC അപ്പീൽ കമ്മിറ്റിയുടെ പ്രവർത്തനാവലോകന യോഗം ശുപാർശ ചെയ്ത ചുവടെ പറയുന്ന കാര്യങ്ങളും അംഗീകരിച്ച് ഉത്തരവാകുന്നു.

1) കോട്ടപ്പുറം / വലിയ കടപ്പുറം ഭാഗത്ത് നിലവിൽ കരമടി മത്സ്യബന്ധനം നടത്തുന്ന ഉടമകൾ [പട്ടിക – 1 (എ)], നിലവിൽ പ്രവർത്തനമില്ലാത്ത കരമടി ഉടമകളേയും [പട്ടിക – 1 (ബി)], സ്ഥലപരിശോധനയിലും രേഖാ പരിശോധനയിലും കരമടി മത്സ്യത്തൊഴിലാളികളെന്നു കണ്ടെത്തിയവർ (പട്ടിക – (2)), സ്ഥലപരിശോധനയിലും രേഖാ പരിശോധനയിലും കരമടി മത്സ്യത്തൊഴിലാളികളെന്നു കണ്ടെത്തിയ പെൻഷണർമാർ (പട്ടിക – 3) എന്നിവർക്ക് നഷ്ടപരിഹാരം നൽകുക.

2) മുല്ലൂർ / സൂര്യസമുദ്ര ബീച്ചുകളിൽ നടത്തിയ പരിശോധനയിലും തുടർന്ന് നടത്തിയ രേഖാ പരിശോധനയിലും ചിപ്പി / ലോബ്സ്റ്റർ തൊഴിലാളികളാണെന്നു കണ്ടെത്തിയവർ (എ പട്ടിക – 1), മുല്ലൂർ / സൂര്യസമുദ്ര ബീച്ചുകളിൽ നടത്തിയ പരിശോധനയിലും തുടർന്ന് നടത്തിയ രേഖാ പരിശോധനയിലും ചിപ്പി / ലോബ്സ്റ്റർ തൊഴിലാളികളാണെന്നു കണ്ടെത്തിയ പെൻഷണർമാർ (എ പട്ടിക – 2) എന്നിവർക്ക് നഷ്ടപരിഹാരം നൽകുക.

3) പദ്ധതി പ്രദേശത്തിന്റെ തീരത്തുനിന്ന് കട്ടമരം ഉപയോഗിക്കാതെ ചിപ്പി ശേഖരിക്കുന്നവരുടെ വരുമാനം കട്ടമരം ഉപയോഗിച്ച് ചിപ്പി ശേഖരിക്കുന്നവരുടെ വരുമാനത്തിന്റെ 1/6 മാത്രമാണെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ഇവർക്കുള്ള നഷ്ടപരിഹാരം 2 ലക്ഷം വീതം നൽകുക.

4) മുല്ലൂർ പ്രദേശത്തെ സമീപ തീരപ്രദേശങ്ങളിൽ (ഹാർബർ വാർഡ്) നിന്നും തുറമുഖ പദ്ധതി പ്രദേശത്ത് ചില സന്ദർഭങ്ങളിൽ വന്ന് ചിപ്പി ശേഖരിക്കുന്നവരുടെ നിജസ്ഥിതി സംബന്ധിച്ച അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് അവർ വർഷത്തിൽ ഏതാണ്ട് ഒരു മാസം സമയം ഇവിടെ നിന്നും ചിപ്പി ശേഖരിച്ചിരുന്നു എന്ന വിലയിരുത്തലിന്റെയടിസ്ഥാനത്തിൽ ഇവർക്കും 2 ലക്ഷം വീതം നഷ്ടപരിഹാരം നൽകുക.

5) പദ്ധതി പ്രദേശത്ത് കട്ടമരം കെട്ടുന്നതിനു സഹായിക്കുന്നവർ, പദ്ധതി പ്രദേശത്തുനിന്നും ചിപ്പി / ലോബ്സ്റ്റർ കച്ചവടം നടത്തുന്നവർ എന്നു കണ്ടെത്തുന്നവർക്ക് 1 ലക്ഷം രൂപ വീതം നഷ്ടപരിഹാരം നൽകുക.

6) മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികളിൽപ്പെടുത്തി, വിഴിഞ്ഞം പദ്ധതിക്കായി സംസ്ഥാന ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും പദ്ധതി പ്രദേശത്ത് സ്ഥിരമായി ജീവനോപാധി നഷ്ടപ്പെടുന്നവർക്കുള്ള നഷ്ടപരിഹാരം പുനരധിവാസ കമ്മിറ്റി നിർദ്ദേശിക്കുന്നവർക്ക് നൽകുന്നതിന് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിയ്ക്ക് അനുവാദം നൽകുക.

7) പുനരധിവാസത്തിന് നൽകുന്ന തുക Bank Account Transfer മുഖേനയോ, ക്രോസ് ചെയ്ത ചെക്ക് ആയോ നൽകുക.

8) നഷ്ടപരിഹാര ലിസ്റ്റിൽപ്പെട്ടവരുടെ ഉപകരണങ്ങൾ സബ്കമ്മിറ്റി അംഗങ്ങളുടെ മേൽനോട്ടത്തിൽ വിഴിഞ്ഞം തുറമുഖ കമ്പനി മഹസ്സർ തയ്യാറാക്കി ഏറ്റെടുക്കേണ്ടതും ഭദ്രമായി സൂക്ഷിക്കേണ്ടതും ലേലം ചെയ്ത് മുതൽ കൂട്ടേണ്ടതുമാണ്. കൂടാതെ ഏതെങ്കിലും ഉപകരണങ്ങളെക്കുറിച്ച് നടപടി ക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ലാത്ത പക്ഷം അവയും മഹസ്സർ തയ്യാറാക്കി ഭദ്രമായി സൂക്ഷിക്കേണ്ടതും നടപടി ക്രമങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് അവയെക്കുറിച്ച് അവസാന തീരുമാനം എടുക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ജയിംസ് വർഗ്ഗീസ്**
പ്രിൻസിപ്പൽ സെക്രട്ടറി

1 മാനേജിംഗ് ഡയറക്ടർ, വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ്, തിരുവനന്തപുരം
2 പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള
3 അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
4 ധനകാര്യ വകുപ്പ് ( 25-02-2016 ലെ 10/PU-B3/2016/ധന നം. അനൗദ്യോഗിക കുറിപ്പ് പ്രകാരം)
5 പൊതുഭരണ (എസ്.സി) വകുപ്പ്
6 Website & New Media, I&PRD (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
7 കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ് :- തുറമുഖ വകുപ്പ് മന്ത്രിയുടെ സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് - വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖ പദ്ധതി - ടൂറിസം മേഖലയിലെ തൊഴിൽ നഷ്ടപ്പെടുന്ന റിസോർട്ട് തൊഴിലാളികൾക്ക് നഷ്ടപരിഹാര പാക്കേജ് അനുവദിച്ച് ഉത്തരവാകുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നമ്പർ 735/2016/മതുവ　　　　തിരുവനന്തപുരം, തീയതി: 31-10-2016

---

പരാമർശം :-
1. 20-07-2015 ലെ സ.ഉ.(സാധാ.)577/2015/മതുവ നമ്പർ ഉത്തരവ്
2. വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 26-08-2016 ലെ VISL/2016-17/EE&EII-2/663 നമ്പർ കത്ത്.
3. വിഴിഞ്ഞം തുറമുഖ പദ്ധതി പ്രദേശത്തെ ടൂറിസം മേഖലയിലെ തൊഴിലാളികളുടെ ആക്ഷൻ കൗൺസിൽ സമർപ്പിച്ച 26-08-2016 ലെ നിവേദനം

**ഉത്തരവ്**

വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖ പദ്ധതി നടത്തിപ്പ് മൂലം ബാധിക്കപ്പെടുന്നവരെ കണ്ടെത്തുന്നതിനും അവർക്ക് അർഹമായ നഷ്ടപരിഹാരം നിർണ്ണയിക്കുന്നതിനുമായി തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ഓഫീസറുടെ നേതൃത്വത്തിൽ ഒരു Livelihood Impact Appraisal കമ്മിറ്റിയും തിരുവനന്തപുരം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഒരു അപ്പലേറ്റ് കമ്മിറ്റിയും പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം രൂപീകരിക്കുകയുണ്ടായി.

2) വിഴിഞ്ഞം തുറമുഖ പദ്ധതി നിർമ്മാണം 8 റിസോർട്ടുകളെ ബാധിക്കുന്നതായും 2015 ഡിസംബർ മാസത്തോടെ തീരദേശത്തു കൂടിയുള്ള റോഡ് നിർമ്മാണവും, കടൽ നികത്തുന്ന ജോലികളും ആരംഭിച്ചതു മുതൽ പ്രസ്തുത റിസോർട്ടുകളിൽ ടൂറിസ്റ്റുകാർ വരുന്നില്ലായെന്നത് ഒരു വസ്തുതയാണെന്നും ആയതിനാൽ പ്രസ്തുത റിസോർട്ട് ഉടമകൾ അവിടത്തെ തൊഴിലാളികൾക്ക് നൽകി വന്നിരുന്ന പ്രതിമാസ ശമ്പളം നൽകുന്നില്ലായെന്ന് തൊഴിലാളികൾ ബോധിപ്പിച്ചിരിക്കുകയാണെന്നും ടി സാഹചര്യത്തിൽ റിസോർട്ട് തൊഴിലാളികൾക്ക് അനുയോജ്യമായ നഷ്ടപരിഹാര പാക്കേജ് അനുവദിക്കണമെന്നും പരാമർശം രണ്ട് പ്രകാരം വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

3) തുറമുഖ നിർമ്മാണത്തിനായി തീരത്തുകൂടി പണിത താത്ക്കാലിക റോഡിന്റെ നിർമ്മാണവും കടൽ നികത്തൽ പ്രവർത്തനങ്ങളും ആരംഭിച്ചതു മുതൽ റിസോർട്ടുകളുടെ പ്രവർത്തനം ഏതാണ്ട് നിലച്ചിട്ടുണ്ടെന്നും, തുറമുഖ നിർമ്മാണം മൂലം തൊഴിൽ നഷ്ടപ്പെടുന്ന ജീവനക്കാരിൽ ഭൂരിഭാഗവും തദ്ദേശീയരും 45 വയസ്സിനുമേൽ പ്രായമായവരാണെന്നും ആയതിനാൽ റിസോർട്ട് മേഖലയിൽ തുടർ തൊഴിൽ ലഭിക്കുന്നതിനുള്ള സാധ്യത തീരെ കുറവാണെന്നും ടി സാഹചര്യത്തിൽ തങ്ങൾക്ക് നഷ്ടപരിഹാരം അനുവദിക്കണമെന്നും പരാമർശം മൂന്ന് പ്രകാരം റിസോർട്ട് ജീവനക്കാരുടെ പ്രതിനിധികൾ സർക്കാരിനെ അറിയിക്കുകയുണ്ടായി.

4) പദ്ധതിയുമായി ബന്ധപ്പെട്ട പാരിസ്ഥിതിക – സാമൂഹിക ആഘാത പഠന റിപ്പോർട്ടിൽ ടി റിസോർട്ടുകളിലെ തൊഴിലാളികൾക്ക് പ്രതിമാസം 10,000/- രൂപ നിരക്കിൽ 6 മാസത്തെ വേതനമായ 60,000/- രൂപ വീതം നഷ്ടപരിഹാരമായി നൽകുവാനാണ് ശുപാർശ ചെയ്തിരുന്നത്. തൊഴിലാളികൾ ഈ 6 മാസ കാലയളവിൽ മറ്റു ജോലികൾ കണ്ടെത്തുമെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലായിരുന്നു പ്രസ്തുത ശുപാർശ. നഷ്ടപരിഹാരം നൽകുന്നതു സംബന്ധിച്ച് സംസ്ഥാന സർക്കാർ രൂപീകരിച്ച ഉപജീവനാഘാത നിർണ്ണയ സമിതിയും (LIAC) പരിസ്ഥിതി പഠന റിപ്പോർട്ടിലെ നിർദ്ദേശം തന്നെ ശുപാർശ ചെയ്യുകയാണുണ്ടായത്. തുടർന്ന് LIAC റിപ്പോർട്ടിന്മേൽ ആക്ഷേപം സ്വീകരിച്ച് അവ പരിശോധിച്ച് ഒരു പാക്കേജ് തയ്യാറാക്കുവാനായി LIAC അപ്പീൽ കമ്മിറ്റി ജില്ലാ ലേബർ ഓഫീസറെ ചുമതലപ്പെടുത്തി. പരമാവധി 30,000/- രൂപ പ്രതിമാസ വരുമാനം എന്നതിൽ നിന്നുകൊണ്ട് 12 മാസത്തെ വേതനത്തിനു തുല്യമായ തുക തൊഴിലാളികൾക്കു നൽകുവാൻ ജില്ലാ ലേബർ ഓഫീസർ സമർപ്പിച്ച റിപ്പോർട്ട് ശുപാർശ ചെയ്തു. തുടർന്ന് ഈ റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും തൊഴിലാളികളുടെ അപ്പീൽ സ്വീകരിക്കുകയും ചെയ്തു. പ്രസ്തുത അപ്പീലുകൾ പരിശോധിച്ച LIAC അപ്പീൽ കമ്മിറ്റി നഷ്ടപരിഹാര തുക കണക്കാക്കുവാനായി 12 മാസത്തിനു പകരം 16 മാസത്തെ വേതനം പരിഗണിക്കാവുന്നതാണെന്ന് ശുപാർശ ചെയ്തു.

5) സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ച് ടൂറിസം മേഖലയിലുള്ള നിലവിലെ മാന്ദ്യവും തൊഴിലാളികളുടെ പ്രായവും അവർക്ക് പകരം ജോലി ലഭിക്കുവാൻ കാലതാമസ്സമുണ്ടായേക്കുമെന്ന കാര്യവും പരിഗണിച്ച് തിരുവനന്തപുരം ജില്ലാ ലേബർ ഓഫീസർ സമർപ്പിച്ച റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ള മാസശമ്പളത്തിന്റെ (പരമാവധി പ്രതിമാസ ശമ്പളം 30,000/- രൂപ) 20 മടങ്ങ് നഷ്ടപരിഹാരമായി കണക്കാക്കി ഒരു റിസോർട്ട് ജീവനക്കാരന് ഏറ്റവും കുറഞ്ഞ നഷ്ടപരിഹാര തുകയായി 2,50,000/- രൂപയും കൂടിയ തുകയായി 6,00,000/- രൂപയും എന്നതിൽ നിന്നുകൊണ്ട് ജില്ലാ ലേബർ ഓഫീസർ സമർപ്പിച്ച റിപ്പോർട്ടിൽ പരാമർശിക്കുന്ന

നഷ്ടപരിഹാര പാക്കേജിനർഹരായ 211 റിസോർട്ട് തൊഴിലാളികൾക്ക് (റിപ്പോർട്ട് അനുബന്ധമായി ചേർത്തിട്ടുണ്ട്.) ചുവടെ ചേർത്തിരിക്കുന്ന പ്രകാരം നഷ്ടപരിഹാരം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | ഇനം | തൊഴിലാളികളുടെ എണ്ണം | രൂപ |
|---|---|---|---|
| 1 | 2,50,000 രൂപ വരെ നഷ്ടപരിഹാരത്തിന് അർഹരായവർ | 140 | 3,50,00,000 |
| 2 | 2,50,000 രൂപയ്ക്കു മുകളിൽ 6,00,000 രൂപ വരെ നഷ്ടപരിഹാരത്തിന് അർഹരായവർ | 71 | 2,61,40,000 |
| | ആകെ | 211 | 6,11,40,000 |

6) നഷ്ടപരിഹാര പാക്കേജിനുള്ള മേൽ തുക "5051-01-001-99-Development of Vizhinjam Deepwater International Transhipment Terminal എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ജയിംസ് വർഗ്ഗീസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

1. മാനേജിംഗ് ഡയറക്ടർ, വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ്, തിരുവനന്തപുരം
2. തുറമുഖ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
5. ധനകാര്യ വകുപ്പ് (293970/PUB 3.16/ധന അനൗദ്യോഗിക കുറിപ്പ് പ്രകാരം)
6. പൊതുഭരണ (SC) വകുപ്പ്
7. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
8. കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ് : തുറമുഖ വകുപ്പ് മന്ത്രിയുടെ സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് - വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖ പദ്ധതി - പദ്ധതി പ്രദേശത്തെ (മുല്ലൂർ / സൂര്യസമുദ്ര ബീച്ചുകൾ) ചിപ്പി / ലോബ്സ്റ്റർ മത്സ്യബന്ധനം നടത്തുന്നവരുടേയും (കോട്ടപ്പുറം / വലിയ കടപ്പുറം) കരമടി മത്സ്യബന്ധനം നടത്തുന്നവരുടേയും മുല്ലൂർ പ്രദേശത്തെ സമീപ തീര പ്രദേശങ്ങളിൽ നിന്നും (ഹാർബർ വാർഡ്) പദ്ധതി പ്രദേശത്ത് വന്ന് ചിപ്പി ലോബ്സ്റ്റർ മത്സ്യബന്ധനം നടത്തുന്നവരുടേയും ജീവനോപാധി നഷ്ടപ്പെടുന്ന മത്സ്യ തൊഴിലാളികളുടെയും നഷ്ടപരിഹാരം - LIAC അപ്പീൽ കമ്മിറ്റി രണ്ടാം ഘട്ട റിപ്പോർട്ട് അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(കൈ)നം. 4/2017/മതുവ — തിരുവനന്തപുരം, തീയതി: 14 -03-2017

---

പരാമർശം:-

1. സ.ഉ.(കൈ)നം. 7/2016/മതുവ തീയതി 01-03-2016
2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 09-01-2017 ലെ എ 18-54751/2016 നമ്പർ കത്ത്
3. വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 27-01-2017 ലെ VISL/2016/EE&E1/3(B)-IV/1308 നമ്പർ കത്ത്

**ഉത്തരവ്**

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയോടനുബന്ധിച്ച് പദ്ധതി പ്രദേശത്തെ ചിപ്പി / ലോബ്സ്റ്റർ മത്സ്യബന്ധനം നടത്തുന്നവരുടേയും (മുല്ലൂർ / സൂര്യസമുദ്ര ബീച്ചുകൾ), കരമടി മത്സ്യബന്ധനം നടത്തുന്നവരുടേയും (കോട്ടപ്പുറം / വലിയ കടപ്പുറം), മുല്ലൂർ പ്രദേശത്തെ സമീപ തീര പ്രദേശങ്ങളിൽ നിന്നും (ഹാർബർ വാർഡ്) തുറമുഖ പദ്ധതി പ്രദേശത്ത് വന്ന് ചിപ്പി / ലോബ്സ്റ്റർ മത്സ്യബന്ധനം നടത്തുന്നവരുടേയും, കട്ടമരം ഉപയോഗിക്കാതെ ചിപ്പി ശേഖരിക്കുന്നവരുടേയും, കട്ടമരം കെട്ടുന്നതിന് സഹായിക്കുന്നവർ, പദ്ധതി പ്രദേശത്തു നിന്നും, ചിപ്പി / ലോബ്സ്റ്റർ കച്ചവടം നടത്തുന്നവർ എന്നിവരെ സംബന്ധിക്കുന്ന ജില്ലാ കളക്ടർ ചെയർമാനായ LIAC അപ്പീൽ കമ്മിറ്റിയുടെ ഒന്നാംഘട്ടറിപ്പോർട്ട് അംഗീകരിച്ചും നഷ്ടപരിഹാര പാക്കേജ് അനുവദിച്ചും പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പരാമർശം (1) ഉത്തരവിൽ ഉൾപ്പെട്ടിട്ടുള്ള വിഭാഗങ്ങളിലെ തൊഴിലാളികളുടെ LIAC അംഗീകരിച്ച രണ്ടാം ഘട്ട റിപ്പോർട്ട് പരാമർശം (2) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2) LIAC അപ്പീൽ കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരം 3,39,04,400/- രൂപ പുനഃരധിവാസ നഷ്ടപരിഹാരമായി നൽകേണ്ടതുണ്ടെന്ന് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനി മാനേജിംഗ് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) സർക്കാർ ഈ കാര്യം വിശദമായി പരിശോധിച്ചതിൽ LIAC അപ്പീൽ കമ്മിറ്റി സമ റിപ്പോർട്ട് പ്രകാരം ചുവടെ ചേർത്തിട്ടുള്ള പ്രകാരം നഷ്ടപരിഹാരം നൽകേണ്ടതുണ്ടെ കണക്കാക്കുകയുണ്ടായി.

| നഷ്ടപരിഹാരം നൽകേണ്ട വിഭാഗം | ഗുണഭോക്താക്കളുടെ എണ്ണം | നിരക്ക് ആകെ | തുക |
|---|---|---|---|
| I. കരമടി | | | |
| (എ) കരമടി തൊഴിലാളി | 52 | ₹ 2,50,000/- | ₹ 1,30,00,000/- |
| (ബി) കരമടി തൊഴിലാളി പെൻഷണർ 3 വർഷത്തെ പെൻഷൻ കുറവ് ചെയ്ത് (3*12*600 = 21,600/-) | 9 | ₹ 2,28,400/- | ₹ 20,55,600/- |
| ആകെ | 61 | | ₹1,50,55,600/- |
| ചിപ്പി | | | |
| (എ) കട്ടമരം ഉപയോഗിക്കുന്നവർ | 3 | ₹12,50,000/- | ₹ 37,50,000/- |
| (ബി) കട്ടമരം ഉപയോഗിക്കുന്ന പെൻഷണർ 7 വർഷത്തെ പെൻഷൻ കുറവു ചെയ്ത് (7*12*600 = 50,400/-) | 3 | ₹11,99,600/- | ₹ 35,98,800/- |
| (സി) കരചിപ്പി തൊഴിലാളികൾ | 35 | ₹ 2,00,000/- | ₹ 70,00,000/- |
| (ഡി) ചിപ്പി കച്ചവടം നടത്തുന്നവർ | 37 | ₹ 1,00,000/- | ₹37,00,000/- |
| (ഇ) ഹാർബർ വാർഡ് | 4 | ₹ 2,00,000/- | ₹ 8,00,000/- |
| **ആകെ**<br>ചിപ്പി (മുല്ലൂർ + ഹാർബർ) | 82 | | ₹ 1,88,48,800/- |
| **ആകെ** | 61 + 82<br>= 143 | | ₹ 3,39,04,400/- |

4) സർക്കാർ ഈ കാര്യം വിശദമായി പരിശോധിച്ചതിൽ LIAC അപ്പീൽ കമ്മിറ്റി സമർപ്പിച്ച രണ്ടാം ഘട്ട റിപ്പോർട്ടിലെ ശുപാർശകൾ അംഗീകരിക്കാവുന്നതാണെന്ന് കാണുകയുണ്ടായി. മേൽ സാഹചര്യത്തിൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖനിർമ്മാണം മൂലം ജീവനോപാധി നഷ്ടപ്പെടുന്ന മുല്ലൂർ/സൂര്യസമുദ്ര ബീച്ചുകളിൽ നിന്നും ചിപ്പി / ലോബ്സ്റ്റർ മത്സ്യബന്ധനം നടത്തുന്നവരുടേയും കട്ടമരം ഉപയോഗിച്ചും കോട്ടപ്പുറം / വലിയ കടപ്പുറം പ്രദേശത്ത് കരമടി മത്സ്യ ബന്ധനം നടത്തുന്നവരുടേയും മുല്ലൂർ പ്രദേശത്തെ സമീപ തീര പ്രദേശങ്ങളിൽ നിന്നും (ഹാർബർ വാർഡ്) തുറമുഖ പദ്ധതി പ്രദേശത്ത് വന്ന് ചിപ്പി / ലോബ്സ്റ്റർ മത്സ്യബന്ധനം നടത്തുന്നവരുടേയും നഷ്ടപരിഹാരം സംബന്ധിച്ച് തിരുവനന്തപുരം ജില്ലാ കളക്ടർ ചെയർമാനായ LIAC അപ്പീൽ കമ്മിറ്റി സമർപ്പിച്ച രണ്ടാം ഘട്ട റിപ്പോർട്ട് ഉത്തരവിന്റെ അനുബന്ധം I, II, III ആയി ചേർത്തിട്ടുള്ളത് അംഗീകരിച്ചും ഉത്തരവിന്റെ ഖണ്ഡിക 3 ലെ പട്ടിക പ്രകാരമുള്ള നഷ്ടപരിഹാരം അനുവദിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

5) നഷ്ട പരിഹാര പാക്കേജിനുള്ള മേൽ തുക "5051-01-001-99-Development of Vizhinjam Deepwater International Transhipment Terminal" എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

6) പ്രസ്തുത തുകകൾ നഷ്ടപരിഹാര പാക്കേജ് പ്രകാരം അർഹരായവർക്ക് നൽകുന്നതിന് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി കമ്പനിക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

7) പുനരധിവാസത്തിന് നൽകുന്ന തുക Bank Account Transfer മുഖേനെയോ, ക്രോസ്സ് ചെയ്ത ചെക്ക് ആയോ നൽകേണ്ടതാണ്.

8) നഷ്ടപരിഹാര ലിസ്റ്റിൽപ്പെടുന്നവരുടെ ഉപകരണങ്ങൾ സബ് കമ്മിറ്റി അംഗങ്ങളുടെ മേൽനോട്ടത്തിൽ വിഴിഞ്ഞം തുറമുഖ കമ്പനി മഹസ്സർ തയ്യാറാക്കി ഭദ്രമായി സൂക്ഷിക്കേണ്ടതും ലേലം ചെയ്ത് മുതൽ കൂട്ടേണ്ടതുമാണ്. കൂടാതെ ഏതെങ്കിലും, ഉപകരണങ്ങളെക്കുറിച്ച് നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ലാത്ത പക്ഷം അവയും മഹസ്സർ തയ്യാറാക്കി ഭദ്രമായി സൂക്ഷിക്കേണ്ടതും നടപടി ക്രമങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് അവയെക്കുറിച്ച് അവസാന തീരുമാനം എടുക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ജയിംസ് വർഗ്ഗീസ്**
പ്രിൻസിപ്പൽ സെക്രട്ടറി

1 മാനേജിംഗ് ഡയറക്ടർ, വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ്, തിരുവനന്തപുരം
2 തുറമുഖ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
3 പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള
4 അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
5 ധനകാര്യ വകുപ്പ് ( ഫയൽ നം. പി.യു.ബി-3/48/2016-ധന. പ്രകാരം)
6 Web & New Media, I&PRD (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
7 സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

VISL Inward No. 1427 Date 20/10/2017

CPC/CFO 20/10/17 MD

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് - വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ തുറമുഖ പദ്ധതിയോടനുബന്ധിച്ച് വലിയ കടപ്പുറം / കോട്ടപ്പുറം ഭാഗത്ത് കരമടി മത്സ്യബന്ധനം നടത്തുന്ന തൊഴിലാളികൾ / തൊഴിലാളി പെൻഷണർമാർ എന്നിവർക്കുള്ള നഷ്ടപരിഹാരം വർദ്ധിപ്പിച്ച് നൽകുന്നതിന് അനുമതി നൽകി - ഉത്തരവാകുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(കൈ)നം. 21/2017/മതുവ തിരുവനന്തപുരം, തീയതി: 17-10-2017

---

പരാമർശം:- 1 01-03-2016 ലെ സ.ഉ. (കൈ) നം. 7/2016/മ.തു.വ

2 14-03-2017 ലെ സ.ഉ. (കൈ) നം. 4/2017/മ.തു.വ

3 വിഴിഞ്ഞം തുറമുഖ കമ്പനി മാനേജിംഗ് ഡയറക്ടറുടെ 07-06-2017 ലെ VISL/2012-13/EE & E1 – (B) – V/262 നമ്പർ കത്ത്

**ഉത്തരവ്**

വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ തുറമുഖ പദ്ധതിയോടനുബന്ധിച്ച് പദ്ധതി പ്രദേശത്തെ മുല്ലൂർ / സൂര്യ സമുദ്ര ബീച്ചുകൾ എന്നിവിടങ്ങളിൽ ചിപ്പി / ലോബ്സ്റ്റർ, മത്സ്യബന്ധനം നടത്തുന്ന തൊഴിലാളികൾ / തൊഴിലാളി പെൻഷണർമാർ, കോട്ടപ്പുറം / വലിയ കടപ്പുറം പ്രദേശത്ത് കരമടി മത്സ്യബന്ധനം നടത്തുന്ന ഉടമകൾ / തൊഴിലാളികൾ / തൊഴിലാളി പെൻഷണർമാർ എന്നിവർക്ക് സൂചനയിലെ സർക്കാർ ഉത്തരവുകൾ പ്രകാരം നഷ്ടപരിഹാരം അനുവദിച്ച് നൽകുകയുണ്ടായി. എന്നാൽ വലിയ കടപ്പുറം / കോട്ടപ്പുറം ഭാഗത്ത് കരമടി മത്സ്യബന്ധനം നടത്തുന്ന തൊഴിലാളികളെ ജില്ലാ കളക്ടർ അദ്ധ്യക്ഷനായ Livelihood Impact Appraisal Committee (LIAC) ഭാഗികമായി തൊഴിൽ നഷ്ടപ്പെടുന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയതുമൂലം ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനുവദിച്ച നഷ്ടപരിഹാരം അപര്യാപ്തമാണെന്ന് ആക്ഷേപമുയർന്നിരുന്നു.

വിഴിഞ്ഞം തുറമുഖ വികസനവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 15-05-2017 ന് ചേർന്ന യോഗത്തിൽ, ടി പ്രദേശത്തെ കരമടി തൊഴിലാളികളെ സ്ഥിരമായി തൊഴിൽ നഷ്ടപ്പെടുന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി നഷ്ടപരിഹാരം നൽകേണ്ടതാണെന്ന് തീരുമാനിക്കുകയും, അതിനനുസൃതമായി പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുവാൻ വിഴിഞ്ഞം തുറമുഖ കമ്പനിയെ ചുമതലപ്പെടുത്തുകയുമുണ്ടായി,

അതനുസരിച്ച് വിഴിഞ്ഞം തുറമുഖ കമ്പനി താഴെ പട്ടികയിൽ പറയും പ്രകാരം നഷ്ടപരിഹാര തുക വർദ്ധിപ്പിച്ച നൽകുന്നതിലേയ്ക്ക് സൂചന 3 ലെ കത്ത് പ്രകാരം പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

| തൊഴിലാളികളുടെ വിഭാഗം | തൊഴിലാളികളുടെ എണ്ണം | അനുവദിച്ചു നൽകിയ നഷ്ടപരിഹാര തുക (രൂപ) | പുതിയ ശുപാർശ | ഇനി അനുവദിക്കേണ്ട തുക (രൂപ) | ആകെ നഷ്ടപരിഹാര തുക (രൂപ) |
|---|---|---|---|---|---|
| കരമടി തൊഴിലാളികൾ | 142 | 2,50,000 | 5,60,000 | 3,10,000 | 4,40,20,000 |

| | | | | | |
|---|---|---|---|---|---|
| കരമടി തൊഴിലാളി പെൻഷണർ | 36 | 2,28,400 | 5,09,600 | 2,81,200 | 1,01,23,200 |
| അന്തിമ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് കൂടുതലായി വന്നേയ്ക്കാവുന്ന ഗുണഭോക്താക്കൾ | 90 | 2,50,000 | 5,60,000 | 3,10,000 | 2,79,00,000 |
| ആകെ വേണ്ടിവരുന്ന തുക | | | | | 8,20,43,200/- |

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിൻ പ്രകാരം വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖ പ്രദേശത്തെ വലിയ കടപ്പുറം / കോട്ടപ്പുറം ഭാഗത്ത് കരമടി മത്സ്യബന്ധനം നടത്തുന്ന തൊഴിലാളികൾ / തൊഴിലാളി പെൻഷണർമാർ എന്നിവർക്ക് ജില്ലാ കളക്ടർ അദ്ധ്യക്ഷനായ Livelihood Impact Appraisal Committee (LIAC) അനുവദിച്ച നഷ്ടപരിഹാരം അപര്യാപ്തമായതിൽ മേൽ പട്ടികയിൽ സൂചിപ്പിച്ച പ്രകാരമുള്ള നിരക്കിൽ നഷ്ടപരിഹാരം വർദ്ധിപ്പിച്ച് നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പി.എച്ച്.കുര്യൻ**
അഡീഷണൽ ചീഫ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ്, തിരുവനന്തപുരം
തുറമുഖ വകുപ്പ് ഡയറക്ടർ, തിരുവന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് ( 28-07-2017 ലെ ഫയൽ നം. പി.യു.ബി.3/48/2016-ധന (e-293970 പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

CPC / CFO
31/5/18
71

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് - വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖ പദ്ധതി - പ്രോജക്ടിനുവേണ്ടി കുടിയൊഴിപ്പിക്കപ്പെടുന്ന / ഉപജീവനമാർഗ്ഗം നഷ്ടപ്പെടുന്ന മത്സ്യതൊഴിലാളികൾക്ക് നഷ്ടപരിഹാരം - അനുവദിച്ച് ഉത്തരവാകുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(കൈ) നമ്പർ. 13/2018/മതുവ — തിരുവനന്തപുരം, തീയതി: 31-05-2018

---

പരാമർശം :-
1. സ.ഉ.(കൈ)നം.7/2016/മതുവ തീയതി: 01 -03-2016
2. സ.ഉ.(കൈ)നം. 4/2017/മതുവ തീയതി: 14 -03-2017
3. സ.ഉ.(കൈ)നം. 21/2017/മതുവ തീയതി: 17 -10-2017
4. സ.ഉ. (സാധാ) നം. 4009/2018/ധന തിയതി 09-05-2018.
5. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 03-02-2018, 20/03/2018 എന്നീ തീയതികളിലെ എ 18-54751/2016 നമ്പർ കത്തുകൾ.
6. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനി മാനേജിംഗ് ഡയറക്ടറുടെ 28-03-2018 ലെ VISL/2012-13/EE&E1-3(B)-VII/1603 നമ്പർ കത്ത്

VISL
Inward No. 355
Date 31/05/18
Issued To
MD & CEO
CFO | CS & CAO
CPC&H(EHS&CSR) | A (LM)
PM(Comm) | PM(E&C)
JM(A/Cs) | AO

**<u>ഉത്തരവ്</u>**

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി പ്രദേശത്തെ വിവിധ മേഖലകളിലുള്ള ചിപ്പി / ലോബ്സ്റ്റർ മത്സ്യബന്ധനം നടത്തുന്നവർ, കരമടി ഉടമകൾ / തൊഴിലാളികൾ, പെൻഷണർമാർ, കട്ടമരം ഉടമകൾ / തൊഴിലാളികൾ / പെൻഷണർമാർ എന്നീ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ജില്ലാ കളക്ടർ അദ്ധ്യക്ഷനായ LIAC അപ്പീൽ കമ്മിറ്റിയുടെ ശുപാർശ പരിഗണിച്ച് പരാമർശം 1, 2 ഉത്തരവുകൾ പ്രകാരം നഷ്ടപരിഹാരം അനുവദിച്ചു നൽകുകയുണ്ടായി.

2. LIAC അപ്പീൽ കമ്മിറ്റിയുടെ ഒന്നും രണ്ടും റിപ്പോർട്ടുകളിൽ അർഹരായ ചില ഗുണഭോക്താക്കൾ ഒഴിവാക്കപ്പെട്ടു എന്ന ആക്ഷേപം ഉയരുകയും ആയത് പരിശോധിക്കുന്നതിനായി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു LIAC സബ്കമ്മിറ്റി / പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് (PIU) രൂപീകരിക്കുകയും തുടർന്ന് ലഭിച്ച അപേക്ഷകൾ ടി കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്തു. ഇപ്രകാരം ലഭിച്ച അപേക്ഷകൾ പരിശോധിച്ച് കോട്ടപ്പുറം / വലിയ കടപ്പുറം മേഖലയിലെ 127 കരമടി

തൊഴിലാളികൾ / പെൻഷണർമാർ നഷ്ടപരിഹാരത്തിന് അർഹരാണെന്ന് കണ്ടെത്തുകയും അവർക്കും മുൻപ് നിശ്ചയിച്ച നിരക്കിലുള്ള നഷ്ടപരിഹാരം നൽകേണ്ടതാണെന്ന് ജില്ലാ കളക്ടർ അദ്ധ്യക്ഷനായ LIAC അപ്പീൽ കമ്മിറ്റി ശുപാർശ ചെയ്യുകയുമുണ്ടായി.

3. അടിമലത്തുറ മത്സ്യഗ്രാമത്തിലുള്ള തൊഴിലാളികൾ മത്സ്യബന്ധനം നടത്തുന്നത് തീരത്തു നിന്നും ഏകദേശം 1.2 – 1.5 കി.മീ. വരെ ദൂരപരിധിയിലാണ്. തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ ഇവർക്കുള്ള മത്സ്യലഭ്യതയിൽ കുറവുണ്ടെന്ന് ആക്ഷേപം ഉയർന്നതിനെ തുടർന്ന് ഇതു സംബന്ധിച്ച് LIAC അപ്പീൽ കമ്മിറ്റി നിയമിച്ച ഒരു ടെക്നിക്കൽ കമ്മിറ്റി പഠനം നടത്തുകയുണ്ടായി. തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ അടിമലത്തുറ ഭാഗത്തെ മത്സ്യലഭ്യതയിൽ കുറവുണ്ടെന്ന് ടെക്നിക്കൽ കമ്മിറ്റി കണ്ടെത്തി. അടിമലത്തുറ മേഖലയിലെ കരമടി മത്സ്യതൊഴിലാളികളുടെ 870 അപേക്ഷകൾ പരിശോധിച്ചതിൽ 604 പേർ പുനരധിവാസത്തിന് അർഹരാണെന്ന് LIAC അപ്പീൽ കമ്മിറ്റി ശുപാർശ ചെയ്യുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഈ പ്രദേശത്തെ കരമടി മത്സ്യത്തൊഴിലാളികളെ താൽക്കാലികമായി പുനരധിവസിപ്പിച്ചാലും പിന്നീട് ഈ പ്രദേശം കപ്പൽചാലായി പ്രഖ്യാപിക്കുന്നതോടെ ഇവിടെ മത്സ്യബന്ധനം നടത്താൻ കഴിയാത്ത സാഹചര്യം ഉണ്ടാകും. അതുകൊണ്ട് ഈ മേഖലയിലെ തൊഴിലാളികളെ സ്ഥിരമായി തൊഴിൽ നഷ്ടപ്പെടുന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി നഷ്ടപരിഹാരം നൽകാൻ തീരുമാനിക്കുകയും അതനുസരിച്ചുള്ള ശുപാർശ സമർപ്പിക്കുവാൻ നിർവ്വഹണ ഏജൻസിയായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിയോട് (VISL) നിർദ്ദേശിക്കുകയുണ്ടായി. അതനുസരിച്ച് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനി പരാമർശം 6 പ്രകാരം ശുപാർശ സർക്കാരിന് സമർപ്പിക്കുകയുണ്ടായി. LIAC അപ്പീൽ കമ്മിറ്റിയുടേയും വിഴിഞ്ഞം തുറമുഖ കമ്പനിയുടെയും ശുപാർശകൾ സർക്കാർ പരിശോധിക്കുകയും താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി പുനരധിവാസ പാക്കേജ് അംഗീകരിച്ച് ഉത്തരവാകുകയും ചെയ്യുന്നു.

1. **<u>കോട്ടപ്പുറം / വലിയ കടപ്പുറം മേഖല</u>**

| **തൊഴിലാളി വിഭാഗം** | **എണ്ണം** | **നഷ്ടപരിഹാര തുക (രൂപ)** | **ആകെ തുക (രൂപ)** |
|---|---|---|---|
| കരമടി തൊഴിലാളി | 112 | 5, 60,000 | 5, 60,000 x 112 = **6, 27,20,000** |
| കരമടി പെൻഷണർ | 15 | 5, 09,600 | 5, 09,600 x 15 = **76, 44,000** |
| ആകെ | 127 | | **7, 03, 64,000 രൂപ** |

## 2. അടിമലത്തുറ മേഖല

| തൊഴിലാളി വിഭാഗം | എണ്ണം | നഷ്ടപരിഹാര തുക (രൂപ) | ആകെ തുക (രൂപ) |
|---|---|---|---|
| കരമടി തൊഴിലാളി | 529 | 5, 60,000 | 5, 60,000 x 529 = **29,62,40,000** |
| കരമടി പെൻഷണർ | 67 | 5, 09,600 | 5, 09,600 x 67 = **3,41,43,200** |
| മരണപ്പെട്ട കരമടി തൊഴിലാളികൾ | 7 | 5, 60,000 | 5, 60,000 x 7 = **39,20,000** |
| മരണപ്പെട്ട കരമടി പെൻഷണർ | 1 | 5, 09,600 | 5, 09,600 x 1 = **5, 09,600** |
| ആക | | **33,48,12,800 രൂപ** | |

1. അടിമലത്തുറ മേഖലയിലെ തൊഴിലാളികൾക്ക് നഷ്ടപരിഹാരം വിതരണം ചെയ്യുന്നതോടെ ടി പ്രദേശം നോൺ ഫിഷിംഗ് സോൺ ആയി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ വിഴിഞ്ഞം തുറമുഖ കമ്പനി സ്വീകരിക്കേണ്ടതാണ്.
2. നഷ്ട പരിഹാര പാക്കേജിനുള്ള തുക "5051-01-001-99-Development of Vizhinjam Deepwater International Transhipment Terminal" എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.
3. പുനരധിവാസത്തിന് നൽകുന്ന തുക Bank Account Transfer മുഖേനെയോ, ക്രോസ്സ് ചെയ്ത ചെക്ക് ആയോ നൽകേണ്ടതാണ്.
4. നഷ്ടപരിഹാര ലിസ്റ്റിൽപ്പെടുന്നവരുടെ ഉപകരണങ്ങൾ സബ് കമ്മിറ്റി അംഗങ്ങളുടെ മേൽനോട്ടത്തിൽ വിഴിഞ്ഞം തുറമുഖ കമ്പനി മഹസ്സർ തയ്യാറാക്കി ഭദ്രമായി സൂക്ഷിക്കേണ്ടതും ലേലം ചെയ്ത് മുതൽ കൂട്ടേണ്ടതുമാണ്. കൂടാതെ ഏതെങ്കിലും, ഉപകരണങ്ങളെക്കുറിച്ച് നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ലാത്ത പക്ഷം അവയും മഹസ്സർ തയ്യാറാക്കി ഭദ്രമായി സൂക്ഷിക്കേണ്ടതും നടപടി ക്രമങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് അവയെക്കുറിച്ച് അവസാന തീരുമാനം എടുക്കേണ്ടതുമാണ്.

5. പരാമർശം 4 പ്രകാരം അനുവദിച്ച തുക വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിയുടെ വെള്ളയമ്പലം സബ്ട്രഷറിയിലുള്ള PSTSB നം. 799012700000189 അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ തുറമുഖ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ബിശ്വനാഥ് സിൻഹ**
**പ്രിൻസിപ്പൽ സെക്രട്ടറി**

മാനേജിംഗ് ഡയറക്ടർ, വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ്, തിരുവനന്തപുരം
തുറമുഖ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (293970/PU-B3/48/2016/ധന തീയതി 11-05-2018, 807350/PU-B3/57/2018/ധന തീയതി 15-05-2018 കുറിപ്പുകൾ പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

**<u>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഭാഗമായി ജീവനോപാധി നഷ്ടപ്പെടുന്നവർക്കു നഷ്ടപരിഹാര-പുനരധിവാസ പാക്കേജ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 28/11/2017 തീയതിയിൽ ചേർന്ന LIAC അപ്പീൽ കമ്മറ്റിയുടെ മീറ്റിങ്ങിലെ നടപടിക്കുറിപ്പ്</u>**

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഭാഗമായി ജീവനോപാധി നഷ്ടപ്പെടുന്നവർക്കുള്ള നഷ്ടപരിഹാര-പുനരധിവാസ പാക്കേജ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 28/11/2017 തീയതിയിൽ ചേർന്ന LIAC അപ്പീൽ കമ്മിറ്റിയുടെ മീറ്റിങ്ങ് കൃത്യം 3 മണിക്ക് ആരംഭിച്ചു.

യോഗത്തിൽ പങ്കെടുത്തവരെ അനുബന്ധമായി ചേർത്തിരിക്കുന്നു.

യോഗത്തിൽ പങ്കെടുക്കാനെത്തിയവരെ കളക്ടർ യോഗത്തിലേക്ക് സ്വാഗതം ചെയ്തു.

പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് (PIU) മുഖേന ഫീൽഡ് തല അന്വേഷണം നടത്തുന്നതിന് ലിയാക് കമ്മിറ്റി മുഖേനയും അതിന്റെ അപ്പീലുകളുമായും VISL ഓഫീസിൽ നിന്നും ലഭിച്ച 5417 അപേക്ഷകളുടെ അന്വേഷണം പൂർത്തിയാക്കി ലിയാക് സബ്കമ്മിറ്റി അംഗീകരിച്ച റിപ്പോർട്ടും ശുപാർശകളും പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് ഡെപ്യൂട്ടി ഡയറക്ടർ ലിയാക് അപ്പീൽ കമ്മിറ്റിക്ക് മുമ്പാകെ അംഗീകാരത്തിനായി സമർപ്പിച്ചു. ടി റിപ്പോർട്ട് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

കോട്ടപ്പുറം മേഖലയിൽ നിന്നും ആനുകൂല്യം ലഭിക്കുന്നതിനായി കരമടി ചിപ്പി/ലോബ്സ്റ്റർ തൊഴിലാളികളിൽ നിന്നും ലഭിച്ച 503 അപേക്ഷകളുടെ പരിശോധന പൂർത്തിയായതായി പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് ഡെപ്യൂട്ടി ഡയറക്ടർ പറഞ്ഞു. കരമടി വിഭാഗത്തിൽ ആകെ അപേക്ഷകളിൽ 129 എണ്ണം അനുകൂലമായി ലിയാക് സബ്കമ്മിറ്റി ശുപാർശ ചെയ്തു. 53 അപേക്ഷകർ കൂടുതൽ തെളിവുകൾ ഹാജരാക്കേണ്ടതാണ്. ചിപ്പി/ലോബ്സ്റ്റർ വിഭാഗത്തിൽ സൗത്ത് വില്ലേജിൽ നിന്ന് ലഭിച്ച 197 അപേക്ഷകരിൽ ആരും തന്നെ ചിപ്പി/ലോബ്സ്റ്റർ ശേഖരിക്കുന്നവരല്ല എന്നും ഇവരിൽ ഭൂരിഭാഗം പേരും കട്ടമരത്തിൽ പോയി ചൂണ്ടപ്പണി അല്ലെങ്കിൽ നീട്ടുവല/ഒഴുക്കുവല ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നവരാണെന്നും ലിയാക് സബ്കമ്മിറ്റി നിരീക്ഷിച്ചു. ഇവരിൽ അർഹതയുള്ളവർക്ക് 3 ലക്ഷം രൂപ പരിധിയിൽ നിന്നുകൊണ്ട് വള്ളവും, എൻജിനും, വല-അനുസാരികളും 50 വയസ്സിന് മുകളിലുള്ളവർക്ക് പകുതി തുക നഷ്ടപരിഹാരമായി നല്കാവുന്നതാണെന്നും ലിയാക് സബ്കമ്മിറ്റി ശുപാർശ ചെയ്തു. ടി ശുപാർശകൾ ലിയാക് അപ്പീൽ കമ്മിറ്റി അംഗീകരിച്ചു.

മണ്ണെണ്ണ ആനുകൂല്യത്തിനായി ലഭിച്ച 4791 അപേക്ഷകളിൽ ഫീൽഡ് വെരിഫിക്കേഷൻ പെട്ടെന്ന് പ്രായോഗികമല്ലാത്തതിനാൽ 2016-ലെ സംയുക്ത പരിശോധന (ഫിഷറീസ് വകുപ്പും, മത്സ്യഫെഡും, സിവിൽ സപ്ലൈസ് വകുപ്പും സംയുക്തമായി നിശ്ചയിച്ച) റിപ്പോർട്ട് ആണ്. ലിയാക് സബ്കമ്മിറ്റി ആധാരമാക്കിയത്. രജിസ്റ്റർ ചെയ്ത ഒരു എഞ്ചിന് HP അനുസരിച്ച് 3 മുതൽ 5 ലിറ്റർ വരെ കണക്കിൽ മണ്ണെണ്ണ വിതരണം ചെയ്യുവാൻ ലിയാക് സബ്കമ്മിറ്റി ശുപാർശ ചെയ്തു. ടി ശുപാർശ ലിയാക് അപ്പീൽ കമ്മിറ്റി അംഗീകരിച്ചു.

ഷിഷറീസ് പാക്കേജിൽ പറഞ്ഞിരിക്കുന്ന Livelyhood Support പദ്ധതിയിൽ പദ്ധതി പ്രദേശത്തെ 4 മത്സ്യഗ്രാമങ്ങളെക്കൂടി ഉൾപ്പെടുത്തണമെന്ന ലിയാക് സബ്കമ്മിറ്റി ശുപാർശയും ലിയാക് അപ്പീൽ കമ്മിറ്റി അംഗീകരിച്ചു.

അടിമലത്തുറ പോലെയുള്ള മത്സ്യഗ്രാമങ്ങൾ പദ്ധതി ബാധിത പ്രദേശമാണോ എന്ന് പഠനം നടത്തി റിപ്പോർട്ട് നൽകുവാൻ ഫിഷറീസ് ജോയിന്റ് ഡയറക്ടർ ചെയർമാനായി നാലംഗ ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിരുന്നു. ടി കമ്മിറ്റി അവരുടെ ഒന്നാമത് റിപ്പോർട്ട് ലിയാക് അപ്പീൽ കമ്മിറ്റി മുമ്പാകെ സമർപ്പിച്ചു. ടി റിപ്പോർട്ട് അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്. ടി റിപ്പോർട്ട് പ്രകാരം അടിമലത്തുറ ഭാഗത്ത് താമസിക്കുന്ന കരമടി, കമ്പവല, എഞ്ചിൻ ഘടിപ്പിക്കാത്ത കട്ടമര തൊഴിലാളികളുടെ ജീവനോപാധിയെ വിഴിഞ്ഞം പദ്ധതി വലിയതോതിൽ ബാധിക്കുന്നതായി കമ്മിറ്റി കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ അടിമലത്തുറ മത്സ്യഗ്രാമത്തെക്കൂടി വിഴിഞ്ഞം പാക്കേജിൽ ഉൾപ്പെടുത്തുവാൻ കമ്മിറ്റി ശുപാർശ ചെയ്തു. റിപ്പോർട്ട് ലിയാക് അപ്പീൽ കമ്മിറ്റി അംഗീകരിച്ചു.

വിഴിഞ്ഞം നോർത്ത് മത്സ്യഗ്രാമത്തിലെ മത്സ്യത്തൊഴിലാളികളെ വിഴിഞ്ഞം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ബാധിക്കുമോ എന്നത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുവാൻ ലിയാക് അപ്പീൽ കമ്മിറ്റി; ഇതിനായി നിയമിക്കപ്പെട്ട ടെക്നിക്കൽ കമ്മിറ്റിയെ ചുമതലപ്പെടുത്തി. വിഴിഞ്ഞം നോർത്ത് ഗ്രാമത്തിൽ നിന്നും ലഭിച്ച 30 ഓളം അപേക്ഷകൾ PIU ഡെപ്യൂട്ടി ഡയറക്ടർക്ക് ജില്ലാ കളക്ടർ കൈമാറി. ടെക്നിക്കൽ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്നത് പ്രകാരം ടി അപേക്ഷകൾ പരിശോധിക്കണമെന്ന് PIU ഡെപ്യൂട്ടി ഡയറക്ടറോട് ചെയർപേഴ്സൺ നിർദ്ദേശിച്ചു.

പദ്ധതി പ്രദേശത്തെ മത്സ്യഗ്രാമങ്ങളിലെ അനുബന്ധ തൊഴിലാളി സ്ത്രീകൾക്ക് തൊഴിൽ കണ്ടെത്തുന്നതിന് അനുയോജ്യമായ തൊഴിൽ സംരംഭം ആസൂത്രണം ചെയ്യുവാൻ ജില്ലാ ഭരണകൂടം പദ്ധതി ആവിഷ്കരിച്ചതായി ജില്ലാ കളക്ടർ അറിയിച്ചു.

അപേക്ഷകരുടെ ആധാർ അധിഷ്ഠിതമായ പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കുവാൻ PIU, VISL എന്നിവരെ ലിയാക് അപ്പീൽ കമ്മിറ്റി ചുമതലപ്പെടുത്തി.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി കാരണം ഭവനരഹിതരാകുമെന്നതിനാൽ ഭവനങ്ങൾ നിർമ്മിച്ചു നൽകണമെന്ന് കാണിച്ച് സമർപ്പിക്കപ്പെട്ട 1500 ഓളം അപേക്ഷകളുടെ പരിശോധന PIU, മത്സ്യഫെഡ് എന്നിവർ സമയബന്ധിതമായി നിർവഹിക്കണം.

ജീവനോപാധി നഷ്ടപ്പെട്ടുവെന്നും പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തണമെന്നും ആവശ്യപ്പെട്ട് മുല്ലൂർ മത്സ്യഗ്രാമത്തിൽ നിന്നും റിസോർട്ട് ഉടമകൾ, കർഷകർ, കയർ തൊഴിലാളികൾ , കന്നുകാലി കർഷകർ, ക്ഷീര കർഷകർ, കരകൗശല വിപണനക്കാർ, ചെറുകിട കച്ചവടക്കാർ ലോഡിങ് തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ എന്നിവരുടെ നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ട്. ടി

വിഭാഗക്കാരെ വിഴിഞ്ഞം പുനരധിവാസ പാക്കേജിൽ ഉൾപെടുത്തണമോ എന്ന് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ഒരു സബ് കമ്മിറ്റിയെ നിയോഗിക്കുന്ന കാര്യം സർക്കാരിലേക്ക് ശുപാർശ ചെയ്യുവാനും ലിയാക് അപ്പീൽ കമ്മിറ്റി തീരുമാനിച്ചു .

വിഴിഞ്ഞം പദ്ധതിയുടെ ഭാഗമായുള്ള മണ്ണെണ്ണ വിതരണം നടത്തുന്നതിന് നിലവിലുള്ള ഔട്ട് ലെറ്റിന് സമീപം ഒരു പുതിയ ഔട്ട് ലെറ്റ് തുടങ്ങുവാൻ NOC നല്കണമെന്ന് മത്സ്യഫെഡ് ഡെപ്യൂട്ടി ഡയറക്ടർ അഭ്യർത്ഥിച്ചു. VISL ഫണ്ട് കൈമാറുന്നതിനനുസരിച്ച് ഡിസംബർ മാസത്തിൽ തന്നെ മണ്ണെണ്ണ വിതരണം തുടങ്ങാൻ കഴിയുമെന്ന് മത്സ്യഫെഡ് അറിയിച്ചു.

17/07/2017 ൽ കൂടിയ LIAC കമ്മറ്റി യോഗത്തിൽ മണ്ണെണ്ണ വിതരണം ചെയ്യുന്നതിന് മുന്നോടിയായി തയ്യാറാക്കേണ്ട കാർഡിന്റെ മാതൃക നൽകിയിരുന്നു. എന്നാൽ സിവിൽ സപ്ലൈസ് വഴി നിലവിൽ മണ്ണെണ്ണ നൽകുന്ന പെർമിറ്റിൽ രേഖപ്പെടുത്തി മണ്ണെണ്ണ നൽകാവുന്നതാണെന്നും ഒരാൾക്ക് ഒരു എൻജിനുമാത്രം മണ്ണെണ്ണ നൽകിയാൽ മതിയെന്ന തീരുമാനം മാറ്റി PIU വഴി അംഗീകരിച്ച ലിസ്റ്റ് പ്രകാരം മണ്ണെണ്ണ നൽകുവാൻ മത്സ്യഫെഡിനോട് ജില്ലാ കളക്ടർ ആവശ്യപ്പെട്ടു

മത്സ്യഫെഡ് Direct Beneficiary Transfer സമ്പ്രദായം വഴിയാണ് നിലവിലെ മണ്ണെണ്ണ സബ്സിഡി വിതരണം ചെയ്യുന്നത് . മത്സ്യഫെഡ് വഴി മണ്ണെണ്ണ നൽകുമ്പോൾ ഇതേ രീതിയിൽ DBT ആയി മുൻഗണന ക്രമത്തിൽ സബ്സിഡി തുക വിതരണം ചെയ്യുവാനുള്ള തീരുമാനം ചർച്ചയിൽ വന്നിരുന്നു. മത്സ്യ ഫെഡിന് മുൻകൂറായി മണ്ണെണ്ണയുടെ വില ലഭിക്കുന്നതിനാൽ മണ്ണെണ്ണ വിതരണം ചെയ്തുകഴിഞ്ഞാൽ ഉടൻ തന്നെ അതാത് ബാങ്ക് അക്കൗണ്ടുകളിലേക്ക് സബ്സിഡി തുക DTB ആയി നൽകുവാൻ കഴിയും എന്ന് മത്സ്യഫെഡിൽ നിന്നും പങ്കെടുത്ത മാനേജിംഗ് ഡയറക്ടറുടെ പ്രതിനിധി അറിയിച്ചു.

ലിയാക് അപ്പീൽ കമ്മറ്റി അംഗീകരിച്ച റിപ്പോർട്ടുകൾ സർക്കാർ അംഗീകാരത്തിനായി ശുപാർശ സമർപ്പിക്കുമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

യോഗം 4.30 മണിക്ക് അവസാനിച്ചു.

LIAC അപ്പീൽ കമ്മറ്റി ചെയർപേഴ്സൺ & ജില്ലാ കളക്ടർ

VISL
Inward No. 2363
Date 11/01/19
Issued To
MD & CEO
CPC&H(EHS&CSR) A (LW)
PM(Comm) PM(E&C)

CFO/TGS
11/1/19

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് - വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖ പദ്ധതി-അടിമലത്തുറ മേഖലയിലെ 18 കരമടി ഉടമകൾക്ക് നഷ്ടപരിഹാരം അനുവദിച്ച് ഉത്തരവാകുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(സാധാ)നം. 20/2019/മതുവ തിരുവനന്തപുരം, തീയതി: 10-01-2019

---

പരാമർശം:- 1 01-03-2016 ലെ സ.ഉ.(കൈ) നം.7/2016/മതുവ
2 31-05-2018 ലെ സ.ഉ.(കൈ) നം.13/2018/മതുവ
3 തിരുവനന്തപുരം ജില്ലാ കളക്ടറുടെ 06-12-2018 ലെ എ 18/54751/16 നമ്പർ കത്ത്

**ഉത്തരവ്**

വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് തൊഴിൽ നഷ്ടപ്പെടുന്നവരെ കണ്ടെത്തുന്നതിനും അവരുടെ നഷ്ടപരിഹാരവും പുനരധിവാസവും നിശ്ചയിക്കുന്നതിനുമായി RDO ചെയർമാനായി 5 അംഗ Livelihood Impact Appraisal കമ്മിറ്റി (LIAC) യും , ടി റിപ്പോർട്ട് പരിഗണിച്ച് സർക്കാരിന് ശുപാർശ സമർപ്പിക്കുന്നതിലേയ്ക്കായി തിരുവനന്തപുരം ജില്ലാ കളക്ടർ ചെയർമാനായ 5 അംഗ അപ്പീൽ കമ്മിറ്റിയും രൂപീകരിക്കുകയുണ്ടായി. പദ്ധതി പ്രദേശമായ കോട്ടപ്പുറം, മുല്ലൂർ, വലിയ കടപ്പുറം എന്നീ ഭാഗങ്ങളിലെ കരമടി തൊഴിലാളികൾ/പെൻഷണർമാർ/ഉടമകൾ, ചിപ്പി/ലോബ്സ്റ്റർ തൊഴിലാളികൾ, കട്ടമര തൊഴിലാളികൾ/ഉടമകൾ, ചിപ്പി കച്ചവടക്കാർ എന്നിവർക്ക് ജീവനോപാധി നഷ്ടപരിഹാരം നിർണ്ണയിക്കുകയും അപ്പീൽ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഓരോ വിഭാഗത്തിലും പെട്ട ഗുണഭോക്താക്കൾക്ക് നഷ്ടപരിഹാരം അനുവദിച്ച് നൽകുകയുമുണ്ടായി .

2. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി മൂലം തൊഴിൽ നഷ്ടപ്പെടുന്ന അടിമലത്തുറ ഭാഗത്തെ 604 പേർ പുനരധിവാസത്തിന് അർഹരാണെന്ന് കണ്ടെത്തുകയും ഇവർക്ക് പരാമർശം 2-ലെ സർക്കാർ ഉത്തരവ് പ്രകാരം 33,48,12,800/- രൂപ നഷ്ടപരിഹാരമായി അനുവദിച്ച് ഉത്തരവാകുകയുമുണ്ടായി.

3. എന്നാൽ പരാമർശം 2-ലെ സർക്കാർ ഉത്തരവിൽ കരമടി ഉടമകളെ ഉൾപ്പെടുത്തിയിരുന്നില്ല. ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലുള്ള LIAC-യുടെ Appeal Committee 18 കരമടി ഉടമകൾക്ക് പരാമർശം 1-ലെ സർക്കാർ ഉത്തരവിൻ പ്രകാരം നിശ്ചയിച്ച നിരക്കിൽ നഷ്ടപരിഹാരം അനുവദിച്ചു നൽകണമെന്ന് പരാമർശം 3 പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലുള്ള LIAC - Appeal Committee നഷ്ടപരിഹാരം നൽകുന്നതിനായി ശുപാർശ ചെയ്തിട്ടുള്ള അടിമലത്തുറ മേഖലയിലെ 18 കരമടി ഉടമകൾക്ക് പരാമർശം 1 -ലെ സർക്കാർ ഉത്തരവിൻ പ്രകാരം നിശ്ചയിച്ച നിരക്കിൽ 3,32,07,050/- രൂപ ( മൂന്ന് കോടി മുപ്പത്തിരണ്ട് ലക്ഷത്തി ഏഴായിരത്തി അമ്പത് രൂപ മാത്രം) നഷ്ടപരിഹാരം അനുവദിക്കുന്നതിന് വിഴിഞ്ഞം

തുറമുഖ കമ്പനിക്ക് താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി, അനുമതി നൽകി ഉത്തരവാകുന്നു.

1. നഷ്ടപരിഹാരം അനുവദിക്കുന്നതിനാവശ്യമായ തുക 31-05-2018 ലെ സ.ഉ.( കൈ ) നം.13/2018/ മതുവ ഉത്തരവ് പ്രകാരം വിഴിഞ്ഞം തുറമുഖ കമ്പനിക്ക് "5051-01-001-99-Development of Vizhinjam Deepwater International Transhipment Terminal"എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച 33.48 കോടി രൂപയിൽ നിന്നും ചെലവഴിക്കേണ്ടതാണ്.
2. പുനരധിവാസത്തിന് നൽകുന്ന തുക Bank Account Transfer മുഖേനയോ, ക്രോസ്സ് ചെയ്ത ചെക്ക് ആയോ നൽകേണ്ടതാണ്.
3. നഷ്ടപരിഹാര ലിസ്റ്റിൽപ്പെടുന്നവരുടെ ഉപകരണങ്ങൾ സബ് കമ്മിറ്റി അംഗങ്ങളുടെ മേൽനോട്ടത്തിൽ വിഴിഞ്ഞം തുറമുഖ കമ്പനി മഹസ്സർ തയ്യാറാക്കി ഭദ്രമായി സൂക്ഷിക്കേണ്ടതും ലേലം ചെയ്ത് മുതൽ കൂട്ടേണ്ടതുമാണ്. കൂടാതെ ഏതെങ്കിലും, ഉപകരണങ്ങളെക്കുറിച്ച് നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ലാത്ത പക്ഷം അവയും മഹസ്സർ തയ്യാറാക്കി ഭദ്രമായി സൂക്ഷിക്കേണ്ടതും നടപടി ക്രമങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് അവയെക്കുറിച്ച് അവസാന തീരുമാനം എടുക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പി.റ്റി.ജോയി**
ഡെപ്യൂട്ടി സെക്രട്ടറി

തുറമുഖ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (24-12-2018 ലെ പി.യു-ബി3/62/2018-ധനകാര്യം നം.ഫയൽ പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## കേരള സർക്കാർ

### സംഗ്രഹം

മത്സ്യബന്ധന തുറമുഖ വകുപ്പ് - വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖ പദ്ധതി-അടിമലത്തുറ മേഖലയിലെ 21 കരമടി തൊഴിലാളികൾക്കും 13 കരമടി പെൻഷണർമാർക്കും നഷ്ടപരിഹാരം അനുവദിച്ച് ഉത്തരവാകുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(സാധാ)നം. 170/2019/മതുവ തിരുവനന്തപുരം, തീയതി: 01-03-2019

---

പരാമർശം:- 1 01-03-2016 ലെ സ.ഉ.(കൈ)നം.7/2016/മതുവ
2 31-05-2018 ലെ സ.ഉ.(കൈ)നം.13/2018/മതുവ
3 തിരുവനന്തപുരം ജില്ലാ കളക്ടറുടെ 23-01-2019 ലെ എ 18/124379/18 നമ്പർ കത്ത്
4 വിഴിഞ്ഞം തുറമുഖ കമ്പനിയുടെ 28-01-2019 ലെ VISL/2017-18/ACC-29/1390 നമ്പർ കത്ത്

### ഉത്തരവ്

വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് തൊഴിൽ നഷ്ടപ്പെടുന്നവരെ കണ്ടെത്തുന്നതിനും അവരുടെ നഷ്ടപരിഹാരവും പുനരധിവാസവും നിശ്ചയിക്കുന്നതിനുമായി RDO ചെയർമാനായി 5 അംഗ Livelihood Impact Appraisal Commitee (LIAC) യും, ടി റിപ്പോർട്ട് പരിഗണിച്ച് സർക്കാരിന് ശുപാർശ സമർപ്പിക്കുന്നതിലേയ്ക്കായി തിരുവനന്തപുരം ജില്ലാ കളക്ടർ ചെയർമാനായ 5 അംഗ അപ്പീൽ കമ്മിറ്റിയും രൂപീകരിക്കുകയുണ്ടായി. പദ്ധതി പ്രദേശമായ കോട്ടപ്പുറം, മുല്ലൂർ, വലിയ കടപ്പുറം എന്നീ ഭാഗങ്ങളിലെ കരമടി തൊഴിലാളികൾ/പെൻഷണർമാർ/ഉടമകൾ, ചിപ്പി/ലോബ്സ്റ്റർ തൊഴിലാളികൾ, കട്ടമര തൊഴിലാളികൾ/ഉടമകൾ, ചിപ്പി കച്ചവടക്കാർ എന്നിവർക്ക് ജീവനോപാധി നഷ്ടപരിഹാരം നിർണ്ണയിക്കുകയും അപ്പീൽ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഓരോ വിഭാഗത്തിലുംപെട്ട ഗുണഭോക്താക്കൾക്ക് നഷ്ടപരിഹാരം അനുവദിച്ച് നൽകുകയുമുണ്ടായി.

2. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി മൂലം തൊഴിൽ നഷ്ടപ്പെടുന്ന അടിമലത്തുറ ഭാഗത്തെ 604 പേർ പുനരധിവാസത്തിന് അർഹരാണെന്ന് കണ്ടെത്തുകയും അവർക്ക് പരാമർശം 2-ലെ സർക്കാർ ഉത്തരവ് പ്രകാരം 33,48,12,800/- രൂപ നഷ്ടപരിഹാരമായി അനുവദിച്ച് ഉത്തരവാകുകയുമുണ്ടായി.

3. ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലുള്ള LIAC-യുടെ Appeal Committee അടിമലത്തുറയിലെ 21 കരമടി തൊഴിലാളികളും 13 കരമടി പെൻഷണർമാരും കൂടി പരാമർശം 1-ലെ സർക്കാർ ഉത്തരവിൻ പ്രകാരം നിശ്ചയിച്ച നിരക്കിൽ നഷ്ടപരിഹാരത്തിനു അർഹരാണെന്ന് പരാമർശം 3 പ്രകാരം ശുപാർശ സമർപ്പിക്കുകയുണ്ടായി. LIAC - യുടെ Appeal Committee ശുപാർശ ചെയ്ത നിരക്കിൽ നഷ്ടപരിഹാരം നൽകുവാൻ അനുമതി നൽകണമെന്ന് പരാമർശം 4 പ്രകാരം വിഴിഞ്ഞം തുറമുഖ കമ്പനി സർക്കാരിനോട് ആവശ്യപ്പെട്ടു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലുള്ള LIAC - Appeal Committee നഷ്ടപരിഹാരം നൽകുന്നതിനായി ശുപാർശ ചെയ്തിട്ടുള്ള അടിമലത്തുറ മേഖലയിലെ 21 കരമടി തൊഴിലാളികൾക്കും, 13 കരമടി പെൻഷണർമാർക്കും താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി പരാമർശം 1-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ

ചുവടെ ചേർത്തിരിക്കുന്ന പട്ടിക പ്രകാരമുള്ള നിരക്കിൽ 1,83,84,800/- രൂപ (ഒരു കോടി എൺപത്തിമൂന്ന് ലക്ഷത്തി എൺപത്തി നാലായിരത്തി എണ്ണൂറ് രൂപ മാത്രം) നഷ്ടപരിഹാരം അനുവദിക്കുന്നതിന് വിഴിഞ്ഞം തുറമുഖ കമ്പനിക്ക് അനുമതി നൽകി ഉത്തരവാകുന്നു.

| വിഭാഗം | ഗുണഭോക്താക്കളുടെ എണ്ണം | നഷ്ടപരിഹാരത്തിന്റെ നിരക്ക് | നഷ്ടപരിഹാരത്തുക |
|---|---|---|---|
| കരമടി തൊഴിലാളികൾ | 21 | 5,60,000 | 1,17,60,000 |
| കരമടി പെൻഷണർമാർ | 13 | 5,09,600 | 66,24,800 |
| ആകെ | **34** | | **1,83,84,800** |

<u>നിബന്ധനകൾ</u>

1. നഷ്ടപരിഹാരം അനുവദിക്കുന്നതിനാവശ്യമായ തുക 31-05-2018 ലെ സ.ഉ.( കൈ ) നം.13/2018/ മത്സ്യ ഉത്തരവ് പ്രകാരം വിഴിഞ്ഞം തുറമുഖ കമ്പനിക്ക് "5051-01-001-99-Development of Vizhinjam Deepwater International Transhipment Terminal"എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച 33.48 കോടി രൂപയിൽ നിന്നും ചെലവഴിക്കേണ്ടതാണ്.
2. പുനരധിവാസത്തിന് നൽകുന്ന തുക Bank Account Transfer മുഖേനയോ, ക്രോസ്സ് ചെയ്ത ചെക്ക് ആയോ നൽകേണ്ടതാണ്.
3. നഷ്ടപരിഹാര ലിസ്റ്റിൽപ്പെടുന്നവരുടെ ഉപകരണങ്ങൾ സബ് കമ്മിറ്റി അംഗങ്ങളുടെ മേൽനോട്ടത്തിൽ വിഴിഞ്ഞം തുറമുഖ കമ്പനി മഹസ്സർ തയ്യാറാക്കി ഭദ്രമായി സൂക്ഷിക്കേണ്ടതും ലേലം ചെയ്ത് മുതൽ കൂട്ടേണ്ടതുമാണ്. കൂടാതെ ഏതെങ്കിലും, ഉപകരണങ്ങളെക്കുറിച്ച് നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ലാത്തപക്ഷം അവയും മഹസ്സർ തയ്യാറാക്കി ഭദ്രമായി സൂക്ഷിക്കേണ്ടതും നടപടി ക്രമങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് അവയെക്കുറിച്ച് അവസാന തീരുമാനം എടുക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**പി.റ്റി.ജോയി**
ഡെപ്യൂട്ടി സെക്രട്ടറി

തുറമുഖ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- 1. ബഹു. തുറമുഖ വകുപ്പ് മന്ത്രിയുടെ പി.എസ്. ന്
2. തുറമുഖ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന തുറമുഖ വകുപ്പ് - വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖ പദ്ധതി - വിഴിഞ്ഞം സൗത്ത് (കോട്ടപ്പുറം) മേഖലയിലെ 4 കരമടി തൊഴിലാളികൾക്കും 2 കരമടി പെൻഷണർമാർക്കും നഷ്ടപരിഹാരം അനുവദിച്ച് ഉത്തരവാകുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(സാധാ)നം. 325/2019/മതുവ തിരുവനന്തപുരം, തീയതി: 29-05-2019

---

പരാമർശം:- 1 സ.ഉ.(കൈ)നം.7/2016/മതുവ തീയതി: 01-03-2016

2 31-05-2018 ലെ സ.ഉ.(കൈ)നം.13/2018/മതുവ

3 തിരുവനന്തപുരം ജില്ലാ കളക്ടറുടെ 22-02-2019 ലെ എ 18-54751/18 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് തൊഴിൽ നഷ്ടപ്പെടുന്നവരെ കണ്ടെത്തുന്നതിനും അവരുടെ നഷ്ടപരിഹാരവും പുനരധിവാസവും നിശ്ചയിക്കുന്നതിനുമായി RDO ചെയർമാനായി 5 അംഗ Livelihood Impact Appraisal കമ്മിറ്റി (LIAC) യും, ടി റിപ്പോർട്ട് പരിഗണിച്ച് സർക്കാരിന് ശുപാർശ സമർപ്പിക്കുന്നതിലേയ്ക്കായി തിരുവനന്തപുരം ജില്ലാ കളക്ടർ ചെയർമാനായ 5 അംഗ അപ്പീൽ കമ്മിറ്റിയും രൂപീകരിക്കുകയുണ്ടായി. പദ്ധതി പ്രദേശമായ കോട്ടപ്പുറം, മുല്ലൂർ, വലിയ കടപ്പുറം എന്നീ ഭാഗങ്ങളിലെ കരമടി തൊഴിലാളികൾ/ പെൻഷണർമാർ/ ഉടമകൾ, ചിപ്പി/ലോബ്സ്റ്റർ തൊഴിലാളികൾ, കട്ടമര തൊഴിലാളികൾ/ഉടമകൾ, ചിപ്പി കച്ചവടക്കാർ എന്നിവർക്ക് ജീവനോപാധി നഷ്ടപരിഹാരം നിർണ്ണയിക്കുകയും അപ്പീൽ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഓരോ വിഭാഗത്തിലും പെട്ട ഗുണഭോക്താക്കൾക്ക് നഷ്ടപരിഹാരം അനുവദിച്ച് നൽകുകയുമുണ്ടായി.

2. ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലുള്ള LIAC-യുടെ അപ്പീൽ കമ്മിറ്റിയുടെ പരിശോധനയിൽ വിഴിഞ്ഞം സൗത്ത് (കോട്ടപ്പുറം) മേഖലയിലെ 4 കരമടി തൊഴിലാളികളും 2 കരമടി പെൻഷണർമാരും കൂടി പരാമർശം 2-ലെ സർക്കാർ ഉത്തരവിൻ പ്രകാരം നിശ്ചയിച്ച നിരക്കിൽ നഷ്ടപരിഹാരത്തിനു അർഹരാണെന്ന് കണ്ടെത്തുകയും അതിൻ പ്രകാരം നഷ്ടപരിഹാരം നൽകുവാൻ പരാമർശം 3 പ്രകാരം ശുപാർശ ചെയ്യുകയുമുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലുള്ള LIAC - Appeal Committee നഷ്ടപരിഹാരം നൽകുന്നതിനായി ശുപാർശ ചെയ്തിട്ടുള്ള വിഴിഞ്ഞം സൗത്ത് (കോട്ടപ്പുറം) മേഖലയിലെ 4 കരമടി തൊഴിലാളികൾക്കും 2 കരമടി പെൻഷണർമാർക്കും പരാമർശം 1-ലെ സർക്കാർ ഉത്തരവിൻ പ്രകാരം നിശ്ചയിച്ച നിരക്കിൽ ചുവടെ ചേർത്തിരിക്കുന്ന പട്ടിക പ്രകാരമുള്ള നിരക്കിൽ 32,59,200/- രൂപ (മുപ്പത്തിരണ്ട് ലക്ഷത്തി അമ്പത്തൊമ്പതിനായിരത്തി ഇരുന്നൂറുരൂപ മാത്രം) താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി, നഷ്ടപരിഹാരം അനുവദിക്കുന്നതിന് വിഴിഞ്ഞം തുറമുഖ കമ്പനിക്ക് അനുമതി നൽകി ഉത്തരവാകുന്നു.

| | എണ്ണം | തുക (രൂപയിൽ) | തുക (രൂപയിൽ) |
|---|---|---|---|
| കരമടി തൊഴിലാളികൾ | 04 | 5,60,000/- | 22,40,000/- |
| കരമടി പെൻഷണർമാർ | 02 | 5,09,600/- | 10,19,200/- |
| ആകെ | 06 | | 32,59,200/- |

**നിബന്ധനകൾ**

1. നഷ്ടപരിഹാരം അനുവദിക്കുന്നതിനാവശ്യമായ തുക 31-05-2018 ലെ സ.ഉ.( കൈ ) നം.13/2018/ മരുവ ഉത്തരവ് പ്രകാരം വിഴിഞ്ഞം തുറമുഖ കമ്പനിക്ക് "5051-01-001-99-Development of Vizhinjam Deepwater International Transhipment Terminal"എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച 33.48 കോടി രൂപയിൽ നിന്നും ചെലവഴിക്കേണ്ടതാണ്.
2. പുനരധിവാസത്തിന് നൽകുന്ന തുക Bank Account Transfer മുഖേനയോ, ക്രോസ്സ് ചെയ്ത ചെക്ക് ആയോ മാത്രം നൽകേണ്ടതാണ്.
3. നഷ്ടപരിഹാര ലിസ്റ്റിൽപ്പെടുന്നവരുടെ ഉപകരണങ്ങൾ ഏതെങ്കിലുമുണ്ടെങ്കിൽ ആയത് സബ് കമ്മിറ്റി അംഗങ്ങളുടെ മേൽനോട്ടത്തിൽ വിഴിഞ്ഞം തുറമുഖ കമ്പനി മഹസ്സർ തയ്യാറാക്കി ഭദ്രമായി സൂക്ഷിക്കേണ്ടതും ലേലം ചെയ്ത് മുതൽ കൂട്ടേണ്ടതുമാണ്. കൂടാതെ ഏതെങ്കിലും ഉപകരണങ്ങളെക്കുറിച്ച് നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ലാത്തപക്ഷം അവയും മഹസ്സർ തയ്യാറാക്കി ഭദ്രമായി സൂക്ഷിക്കേണ്ടതും നടപടി ക്രമങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് അവയെക്കുറിച്ച് അവസാന തീരുമാനം എടുക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പി.റ്റി.ജോയി**
ഡെപ്യൂട്ടി സെക്രട്ടറി

തുറമുഖ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-1. ബഹു. തുറമുഖ വകുപ്പ് മന്ത്രിയുടെ പി.എസ്. ന്
2. തുറമുഖ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഭാഗമായി ജീവനോപാധി നഷ്ടപ്പെടുന്നവർക്കു നഷ്ടപരിഹാര പുനരധിവാസ പാക്കേജ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 22.10.2020 തീയതിയിൽ ചേർന്ന AC LIAC-ന്റെ മീറ്റിംഗ് മിനിട്ട്സ്**

വിഴിഞ്ഞം ആഴക്കടൽ തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന ജീവനോപാധി നഷ്ടപരിഹാര പാക്കേജിനെ സംബന്ധിച്ച് ലിയാക് അപ്പീൽ കമ്മിറ്റി യോഗം 22.10.2020 തീയതി വൈകിട്ട് 11 മണിയ്ക്ക് ബഹുമാനപ്പെട്ട ജില്ലാ കളക്ടറുടെ ചേംബറിൽ വച്ചു നടക്കുകയുണ്ടായി.

**കമ്മിറ്റി അംഗങ്ങൾ**

1. ശ്രീ. നവജ്യോത് ഖോസ, ഐ.എ.എസ്., ജില്ലാകളക്ടർ & AC LIAC ചെയർമാൻ
2. ശ്രീ.ഷെയ്ക്ക് പരീദ്, ഐ.എ.എസ്. (Rtd.), മാനേജിംഗ് ഡയറക്ടർ, KSCADC
3. ശ്രീ. ലോറൻസ് ഹാരോൾഡ്, മാനേജിംഗ് ഡയറക്ടർ, മത്സ്യഫെഡ്
4. ശ്രീമതി.സി.എ. ലത., ഐ.എ.എസ്., ഫിഷറീസ് ഡയറക്ടർ, AC LIAC കൺവീനർ

**പങ്കെടുത്തവർ**

1. ശ്രീ. ഡോ. കെ.സുമംഗല കുമാരി, ജില്ലാ മാനേജർ (മത്സ്യഫെഡ്)
2. ശ്രീ. കിരൺ.എസ്., പോർട്ട് കൺസർവേറ്റർ, പോർട്ട് ഡിപ്പാർട്ട്മെന്റ്
3. ശ്രീ. പ്രസാദ് കുര്യൻ. ജനറൽ മാനേജർ (Environment) VISL
4. ശ്രീമതി. ഷീജാമേരി.എ.പി., ഡെപ്യൂട്ടി ഡയറക്ടർ, പി.ഐ.യു.
5. ശ്രീ. എം.ശ്രീകണ്ഠൻ, ഫിഷറീസ് ജോയിന്റ് ഡയറക്ടർ
6. ശ്രീ. ജെ.സുരേഷ് ബാബു, പ്രോജക്ട് മാനേജർ, KSCADC
7. ശ്രീ.ഷാൻ.യു., ഫിഷറീസ് സബ്ഇൻസ്പെക്ടർ, പി.ഐ.യു.

യോഗത്തിനെത്തിയവരെ ജില്ലാ കളക്ടർ സ്വാഗതം ചെയ്തു. തുടർന്ന് കൺവീനർ തീരുമാനിക്കേണ്ട വിഷയങ്ങൾ അവതരിപ്പിച്ചു.

**അജണ്ട 1 06.02.2020-ൽ ചേർന്ന മുൻ AC LIAC മീറ്റിംഗ് മിനിട്ട്സ് അംഗീകരിക്കൽ**

**തീരുമാനം:** 06.02.2020-ൽ ചേർന്ന മുൻ AC LIAC മീറ്റിംഗ് മിനിട്ട്സ് അംഗീകരിക്കാവുന്നതാണ്.

1

**അജണ്ട 2** **06.02.2020-ൽ ചേർന്ന മുൻ AC LIAC മീറ്റിംഗിൽ കൈക്കൊണ്ട തീരുമാനങ്ങളുടെ മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് കമ്മിറ്റി വിലയിരുത്തി തുടർനടപടികൾ ആവശ്യമായ വിഷയങ്ങളിൽ കൈക്കൊള്ളേണ്ട നടപടികളെ സംബന്ധിച്ച് ചർച്ച ചെയ്ത് തീരുമാനമെടുത്തു.**

**തീരുമാനം 1** ഏറ്റിനങ്ങളുടെ ഉടമസ്ഥാവകാശം തെളിയിക്കാൻ കഴിയാത്ത രജിസ്ട്രേഷൻ രേഖകൾ ഒരുമാസത്തിനകം ഹാജരാക്കുവാൻ VISL-ൽ കത്ത് നൽകിയിട്ടും ടി രേഖകൾ ഹാജരാക്കാത്ത എൻജിനുകൾ KFC പ്രകാരം ഡിസ്പോസ് ചെയ്യുന്നതിന്റെ ഭാഗമായി പത്രപരസ്യം നൽകുവാൻ പി.ആർ.ഡി.യ്ക്ക് സമർപ്പിച്ചതായി വിസിൽ അിറയിച്ചിരുന്നു. ആയതിന്റെ തുടർനടപടികൾ രണ്ടാഴ്ചക്കകം പൂർത്തിയാക്കുക. നടപടി : VISL

**തീരുമാനം 2** തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ടുള്ള നഷ്ടപരിഹാരത്തിന്റെ ചെക്ക് തയ്യാറാക്കി വയ്ക്കുകയും എന്നാൽ കോവിഡ്-19ന്റെ പശ്ചാത്തലത്തിൽ ചെക്ക് കൈമാറാൻ സാധിക്കാത്തവരേയും സംബന്ധിച്ച് വിസിൽ റിപ്പോർട്ട് ചെയ്തിരുന്നു. ആയവർക്ക് 28.10.2020-ന് ചെക്ക് കൈമാറാനുള്ള നടപടി വിസിൽ സ്വീകരിക്കേണ്ടതാണ്.

**അജണ്ട 3** **വിഴിഞ്ഞം സൗത്ത് മത്സ്യഗ്രാമത്തിൽ നിന്നുള്ള കട്ടമരങ്ങളും അവരുടെ രേഖകളും 12.11.2019 തീയതിയിൽ പരിശോധന നടത്തിയിരുന്നു. ആയതിന്റെ റിപ്പോർട്ട് സംബന്ധിച്ച്**

**തീരുമാനം:** വിഴിഞ്ഞം തുറമുഖ പദ്ധതിയോട് അനുബന്ധിച്ചുള്ള പാരിസ്ഥിതിക ആഘാത പഠനത്തിൽ പദ്ധതിമൂലം ജീവനോപാധി നഷ്ടം സംഭവിയ്ക്കുന്ന വിവിധ വിഭാഗങ്ങളെക്കുറിച്ച് പരാമർശിക്കുന്നതിൽ കട്ടമരം എന്ന വിഭാഗം ഉൾപ്പെട്ടിരുന്നില്ല. ലിയാക് കമ്മിറ്റി സെപ്റ്റംബർ 2015-ൽ പ്രസിദ്ധീകരിച്ച റിപ്പോർട്ടിലും, 16.04.2018-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടിക്രമത്തിൽ വിഴിഞ്ഞം തുറമുപദ്ധതി മൂലം ജീവനോപാധി നഷ്ടം സംഭവിയ്ക്കുന്ന വിഭാഗത്തിൽ 6-ാമതായും കട്ടമരം ഉൾപ്പെട്ടിരുന്നു. AC LIAC കമ്മിറ്റി നിർദ്ദേശത്തെ തുടർന്ന് ലിയാക് റിപ്പോർട്ടിലും അപ്പീലിലും ഉൾപ്പെട്ട 165 പേർക്ക് നോട്ടീസയയ്ക്കുകയും 12.11.2019 തീയതിയിൽ ഹാജരായ 140 കട്ടമരങ്ങളുടെ രേഖാപരിശോധനയും സ്ഥലപരിശോധനയും നടത്തുകയുണ്ടായി. തുടർന്ന് പരിശോധനാ റിപ്പോർട്ട് പി.ഐ.യു. സമർപ്പിക്കുകയും 140 പേരെയും വിവിധ കാരണങ്ങളാൽ നിരസിച്ചിരുന്നു. കമ്മിറ്റി ഈ വിഷയം വിശദമായി തന്നെ ചർച്ച ചെയ്തു.

2

2015-ൽ ലിയാക് പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ വിഴിഞ്ഞം പദ്ധതിമൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടാവുന്നവർക്കുള്ള നഷ്ടപരിഹാരം പുനരധിവാസ പാക്കേജിൽ പേജ് 59-ൽ മോട്ടാർ ഘടിപ്പിക്കാത്ത യാനം (കട്ടമരം) ഉടമകൾ എന്ന ശീർഷകത്തിൽ വിഴിഞ്ഞം സൗത്ത് മത്സ്യഗ്രാമത്തിൽ നിന്നുള്ള 75 ഗുണഭോക്താക്കളുടെ വിവരങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്. ഈ ലിസ്റ്റിൽ 57 എണ്ണം ഗുണഭോക്താക്കൾ രജിസ്ട്രർ ചെയ്ത കട്ടമരം ഉടമകൾ ആയി പ്രതിപാദിച്ചിട്ടുണ്ട്. ലിയാക് പ്രസിദ്ധീകരിച്ച പ്രസ്തുത റിപ്പോർട്ടിൽ ഉൾപ്പെട്ട രജിസ്ട്രേഷൻ ഉള്ള 57 കട്ടമര ഉടമകൾക്കും ആയവരുടെ അസ്സൽ രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് മാനദണ്ഡങ്ങൾക്ക് അനുസരിച്ച് അർഹമായ ആനുകൂല്യം നൽകാവുന്നതാണെന്ന് AC LIAC കമ്മിറ്റി തീരുമാനം കൈക്കൊണ്ടു.

**അജണ്ട 4 വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് വിഴിഞ്ഞം മത്സ്യബന്ധന തുറമുഖം കേന്ദ്രീകരിച്ച് പ്രവർത്തിയ്ക്കുന്ന യന്ത്രവത്കൃത യാനങ്ങൾക്ക് ചുറ്റിവളഞ്ഞ് പോകുന്നതിന് സൗജന്യ മണ്ണെണ്ണ സംബന്ധിച്ച് 28.09.2019-ലെ AC LIAC തീരുമാനം പുനഃപരിശോധിക്കുന്നത് സംബന്ധിച്ച്**

**തീരുമാനം:** 2015 സെപ്റ്റംബർ മാസത്തെ ലിയാക് റിപ്പോർട്ടിൽ ബ്രേക്ക് വാട്ടർ നിർമ്മാണ കാലയളവായ രണ്ട് വർഷകാലത്തേയ്ക്ക് വിഴിഞ്ഞം കേന്ദ്രീകരിച്ചുള്ള യന്ത്രവത്കൃത യാനങ്ങൾക്ക് ചുറ്റി വളഞ്ഞ് പോകുന്നതിന് സൗജന്യ മണ്ണെണ്ണ ശുപാർശ ചെയ്തിരുന്നു. തുടർന്ന് 17.07.2017-ലെ AC LIAC മത്സ്യഫെഡ് സമർപ്പിച്ച കണക്ക് പ്രകാരം എഞ്ചിന്റെ കുതിരശക്തിയ്ക്ക് ആനുപാതികമായ മണ്ണെണ്ണ ലിറ്ററിന് 60 രൂപ നിരക്കിൽ രണ്ട് വർഷകാലത്തേയ്ക്ക് നൽകുന്നതിന് ശുപാർശ ചെയ്തു. ആയത് സ.ഉ. (കൈ) നമ്പർ.25/2017/മ.തു.വ. തീയതി 10.11.2017 പ്രകാരം ഉത്തരവാകുകയും ചെയ്തു. 26.09.2019-ലെ AC LIAC കമ്മിറ്റി മേൽ തീരുമാനിച്ച ലിറ്ററിന് 60 രൂപ എന്ന നിരക്കിൽ തന്നെ തുകയ്ക്ക് മാറ്റം വരുത്താതെ എഞ്ചിന്റെ കുതിരശക്തിയ്ക്ക് ആനുപാതികമായി മണ്ണെണ്ണ നൽകുന്നതിനും 2019 ഡിസംബറിനു ശേഷം മണ്ണെണ്ണ വിതരണം നടത്തേണ്ടതില്ല എന്നും തീരുമാനം കൈക്കൊണ്ടിരുന്നു.

13.10.2020-ലെ 133/ഇ1/2020/മ.തു.വ. കത്ത് പ്രകാരം തുറമുഖ വകുപ്പ് സെക്രട്ടറി ആവശ്യപ്പെട്ട പ്രകാരവും വിവിധ തലങ്ങളിൽ നിന്നുള്ള പരാതികൾ പ്രകാരവും, AC LIAC ഈ വിഷയം വിശദമായി തന്നെ ചർച്ച ചെയ്തു. ലിറ്ററിന് 60 രൂപ നിരക്കിൽ മണ്ണെണ്ണയുടെ തുക സർക്കാർ ഉത്തരവ് പ്രകാരം നിശ്ചയിച്ചിരുന്നത് നിലവിൽ 75 രൂപയിൽ അധികമാണെന്ന് മത്സ്യഫെഡ് അറിയിച്ചു. 60 രൂപ നിരക്കിൽ ലഭ്യമായ മണ്ണെണ്ണ ഗുണഭോക്താക്കൾക്ക് അപര്യാപ്തമാണെന്ന് AC LIAC വിലയിരുത്തി. 2019

3

ഡിസംബർ വരെ മുൻ നിഷ്കർഷിച്ച അളവിൽ മണ്ണെണ്ണ നൽകുന്നതിന് തീരുമാനിച്ചു. ബ്രേക്ക് വാട്ടർ നിർമ്മാണ കാലയളവ് രണ്ട് വർഷം എന്ന് കണക്കാക്കി ആണ് ലിയാക് രണ്ട് വർഷത്തേയ്ക്ക് മണ്ണെണ്ണ അനുവദിച്ചിരുന്നത്. ബ്രേക്ക് വാട്ടർ നിർമ്മാണം നാളിതുവരെ പൂർത്തിയാകാത്ത സാഹചര്യത്തിൽ ആയത് പൂർത്തിയായതായി വിസിൽ പ്രഖ്യാപിക്കുന്നതുവരെ മണ്ണെണ്ണ മുൻ നിഷ്കർഷിച്ച അളവിൽ തുടർന്നും നൽകുന്നതിന് സർക്കാരിലേയ്ക്ക് ശുപാർശ നൽകുവാൻ തീരുമാനിച്ചു. (നടപടി : VISL)

**അജണ്ട 5 വിഴിഞ്ഞം മത്സ്യഗ്രാമത്തിൽ നിന്നുള്ള കട്ടമരതൊഴിലാളികളെ 12.11.2019 തീയതിയിൽ പരിശോധന നടത്തിയപ്പോൾ നോട്ടീസ് നൽകിയിട്ടില്ലാത്തവർ പരിശോധന സ്ഥലത്ത് ഹാജരായി നൽകിയ 96 എണ്ണം കട്ടമര വിഭാഗത്തിലെ അപേക്ഷ സംബന്ധിച്ച്**

**തീരുമാനം:** ജി.ഒ.(ആർ.റ്റി)നം.772/2015/മ.തു.വ. തീയതി 17.09.2015 പ്രകാരമുള്ള സർക്കാർ ഉത്തരവിൽ വിഴിഞ്ഞം തുറമുഖ പദ്ധതിമൂലം ജീവനോപാധി നഷ്ടം സംഭവിയ്ക്കുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിനായുള്ള അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 25.09.2015 ആയി നിഷ്കർഷിച്ചിട്ടുണ്ട്. ടി തീയതിയ്ക്ക് ശേഷം ലഭ്യമാകുന്ന പരാതികൾ വീണ്ടും സ്വീകരിയ്ക്കുന്നത് ഉചിതമായിരിക്കില്ല എന്ന് കമ്മിറ്റി വിലയിരുത്തി വീണ്ടും അപേക്ഷ സ്വീകരിയ്ക്കുന്നതിന് സർക്കാർ ഉത്തരവ് ആക്കേണ്ടതുണ്ട്.

ടി അപേക്ഷകരിന്മേൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിനുള്ള സർക്കാർ നിർദ്ദേശത്തിന് കത്ത് നൽകുവാൻ തീരുമാനിച്ചു. (നടപടി : VISL)

**അജണ്ട 6 കോട്ടപ്പുറം ഭാഗത്തെ 16 സ്ത്രീ ചുമട്ട് തൊഴിലാളികളുടെ മുൻ AC LIAC തീരുമാനം പുനഃപരിശോധിയ്ക്കുന്നത് സംബന്ധിച്ച്**

**തീരുമാനം:** വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയ പാരിസ്ഥിതിക ആഘാത പഠന റിപ്പോർട്ടിൽ പദ്ധതിമൂലം ജീവനോപാധി നഷ്ടം സംഭവിയ്ക്കുന്ന വിവിധ വിഭാഗങ്ങൾ പ്രതിപാദിക്കുന്നതിലും ലിയാക് കമ്മിറ്റി പ്രസിദ്ധീകരിച്ച 2015 റിപ്പോർട്ടിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ 16.04.2018-ലെ യോഗം മിനിറ്റ്സിൽ ജീവനോപാധി നഷ്ടം സംഭവിയ്ക്കുന്ന വിവിധ വിഭാഗങ്ങളെ പ്രതിപാദിയ്ക്കുന്നതിലും ഒന്നും തന്നെ പ്രസ്തുത വിഭാഗം ഉൾപ്പെട്ട് വരുന്നില്ല. ഇത് സംബന്ധിച്ച് 28.09.2019-ലെ AC LIAC തീരുമാനം 02.03.2020-ലം 213/മ.തു.വ. കത്ത് പ്രകാരം സർക്കാർ അംഗീതരിച്ചിട്ടുള്ളതുമാണ്. എന്നാലും AC LIAC ഈ വിഷയം വിശദമായി

4

ചർച്ച ചെയ്യുകയും ഈ അവസരത്തിൽ ഇങ്ങനെ ഒരു വിഭാഗം പരിഗണിയ്ക്കുന്നതിന് തീരുമാനിച്ചാൽ അനർഹമായ ധാരാളം അപേക്ഷകൾ ലഭ്യമാകുന്നതിനാലും മറ്റ് പുതിയ വിഭാഗങ്ങൾ കൂടി അപ്പീലുകൾ സമർപ്പിക്കാൻ സാധ്യതയുള്ളതിനാലും നിലവിൽ ഈ വിഭാഗത്തെ പരിഗണിക്കുന്നത് ഉചിതമായിരിക്കില്ല.

**അജണ്ട 7 വിഴിഞ്ഞം മത്സ്യഗ്രാമത്തിലെ മത്സ്യ അനുബന്ധ തൊഴിലാളികളുടെ നഷ്ടപരിഹാരം സംബന്ധിച്ച്**

**തീരുമാനം:** ജി.ഒ.(എം.എസ്) നം.55/2015/മ.തു.വ പ്രകാരം ഉത്തരവായ 475 കോടി രൂപയുടെ കരട് പദ്ധതിയിൽ വിഴിഞ്ഞം മത്സ്യഗ്രാമത്തിലെ അനുബന്ധതൊഴിലാളി വിഭാഗത്തിന്റെ ആനുകൂല്യം പ്രതിപാദിച്ചിട്ടുണ്ട് എന്ന കോട്ടപ്പുറം ഇടവകയുടെ പരാതി വാസ്തവമല്ല. മേൽ ഉത്തരവ് പ്രകാരം തുറമുഖ പദ്ധതിമൂലം പനത്തുറ മുതൽ വേളി വരെ തീരശോഷണം ഉണ്ടാകുകയാണെങ്കിൽ (അങ്ങനെ സംഭവിക്കാം എന്ന ആശങ്ക ഉയർന്ന സാഹചര്യത്തിൽ) ആയവരെ പുനരധിവസിപ്പിക്കുന്നതിനായി ഭൂമി ഏറ്റെടുത്ത് ഫ്ളാറ്റുകൾ നിർമ്മിച്ച് നൽകുന്നതിനായി 350 കോടി രൂപയും അടിമലത്തുറ മുതൽ കൊല്ലംകോട് വരെയുള്ള മത്സ്യഗ്രാമങ്ങളിലെ ഗുണഭോക്താക്കൾക്ക് ആഴക്കടൽ മത്സ്യബന്ധന സംവിധാനങ്ങൾ ഉൾപ്പെടെ വിവിധ പദ്ധതികൾക്കായി 125 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. ടി പദ്ധതി തുക നാളിതുവരെ അനുവദിച്ച് ഉത്തരവായിട്ടില്ല. ആയതിനാൽ മേൽ പരാതി പരിഗണിക്കേണ്ടതില്ല.

**അജണ്ട 8 ശ്രീ.തോമസ് ശിങ്കാരം എന്നയാൾ കരമടി നഷ്ടപരിഹാരം ലഭിയ്ക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ പി.ഐ.യു. അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചത് സംബന്ധിച്ച്**

**തീരുമാനം:** പള്ളം ഫിഷറീസ് ഓഫീസ് രേഖകൾ നേരിട്ട് പരിശോധിച്ച് പി.ഐ.യു. സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ശ്രീ.തോമസ് S/o ശിങ്കാരം എന്നയാൾ 4438 എന്ന പള്ളം ഫിഷറീസ് ഓഫീസിലെ ക്ഷേമനിധി അംഗത്വം പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിയായ 25.09.2015–ന് ശേഷം 24.10.2016–ൽ നേടിയതാണ്. അതിന് മുൻപ് 1740 നമ്പർ ആയി പദ്ധതി ബാധിത മത്സ്യഗ്രാമമല്ലാത്ത പരുത്തിയൂർ മത്സ്യഗ്രാമത്തിലെ അംഗമായിരുന്നു.

04.08.2015–ലെ ലിയാക് റിപ്പോർട്ട് പ്രകാരം ഗുണഭോക്താവിന് വേണ്ട മാനദണ്ഡങ്ങളിൽ ഗുണഭോക്താവ് പദ്ധതി ബാധിത മത്സ്യഗ്രാമത്തിലെ സ്ഥിരതാമസം ഉള്ളയാളും പദ്ധതിമൂലം ജീവനോപാധി നഷ്ടം സംഭവിയ്ക്കുന്നവരും ആയിരിക്കണം. ടിയാൻ പദ്ധതി നിലവിൽ വന്ന സമയം പദ്ധതി ബാധിത പ്രദേശത്തെ സജീവ

5

മത്സ്യത്തൊഴിലാളിയാണെന്ന് തെളിയിക്കാൻ കഴിയാത്തതിനാൽ ടിയാന്റെ അപേക്ഷ നിരസിക്കാവുന്നതാണ്.

**അജണ്ട 9 അടിമലത്തുറ മത്സ്യഗ്രാമത്തിലെ കരമടി വിഭാഗത്തിൽപ്പെട്ട ശിലുവയ്യൻ പനിയടിമ എന്നയാളുടെ ക്ഷേമനിധി അംഗത്വം ഒടുക്കാതിരുന്നത് സംബന്ധിച്ച് പി.ഐ.യു. നടത്തിയ അന്വേഷണ റിപ്പോർട്ട് സംബന്ധിച്ച്**

**തീരുമാനം:** മുൻ AC LIAC നിർദ്ദേശത്തെ തുടർന്ന് ടിയാന്റെ ക്ഷേമനിധി അംഗത്വം സംബന്ധിച്ച് പി.ഐ.യു. വിശദമായ അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ടിയാൻ 2793 എന്ന മത്സ്യത്തൊഴിലാളി ക്ഷേമനിധി അംഗത്വ നമ്പരായി പള്ളം ഫിഷറീസ് ഓഫീസിലെ രേഖകളിൽ 2003 വരെ മാത്രം ക്ഷേമനിധി വിഹിതം ഒടുക്കുകയും തുടർന്ന് 14 വർഷത്തോളം ക്ഷേമനിധി വിഹിതം ഒടുക്കാതിരിക്കുകയും ചെയ്തു. ടി കാലയളവിൽ 2010 ഫെബ്രുവരി മുതൽ 2013 ജനുവരി വരെ ടിയാൻ വിദേശ ജോലിയിൽ ആയിരുന്നു എന്ന് പാസ്പോർട്ട് രേഖകൾ കാണിയ്ക്കുന്നു. പി.ഐ.യു. റിപ്പോർട്ട് പ്രകാരം വിഴിഞ്ഞം തുറമുഖ പദ്ധതിമൂലം ടിയാന് ജീവനോപാധി നഷ്ടം സംഭവിച്ചു എന്ന് ബോധ്യപ്പെട്ടിട്ടില്ലാത്തതിനാൽ ടിയാന്റെ അപേക്ഷ കമ്മിറ്റി നിരസിച്ചു.

**അജണ്ട 10 അടിമലത്തുറ മത്സ്യഗ്രാമത്തിലെ രണ്ടാംഘട്ട റിപ്പോർട്ടിൽ മേൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി അംഗത്വം സംബന്ധിച്ച് കൂടുതൽ തെളിവുകൾ ആവശ്യമായവരുടെ മേൽ പി.ഐ.യു. അന്വേഷണം നടത്തി റിപ്പോർട്ട് സംബന്ധിച്ച്**

**തീരുമാനം:** അടിമലത്തുറ മത്സ്യഗ്രാമത്തിലെ രണ്ടാം ഘട്ട റിപ്പോർട്ടിൽ ഉൾപ്പെട്ട് കരമടി തൊഴിലിൽ ഏർപ്പെട്ടിരുന്നു എന്ന് കണ്ടെത്തുകയും എന്നാൽ ക്ഷേമനിധി അംഗത്വത്തിൽ കൂടുതൽ വ്യക്തത വേണമെന്ന് പരാമർശിച്ചിട്ടുള്ളവരുടെ ക്ഷേമനിധി അംഗത്വം സംബന്ധിച്ച് AC LIAC നിർദ്ദേശത്തെ തുടർന്ന് പി.ഐ.യു. അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ മേൽ ചുവടെ പറയും പ്രകാരം തീരുമാനം കൈക്കൊണ്ടു.

a) **ശ്രീ.ശബരിയപ്പൻ S/o ശിലുവടിമ :** പള്ളം ഫിഷറീസ് ഓഫീസിലെ രേഖകൾ പ്രകാരം ടിയാൻ സാധുവായ മത്സ്യത്തൊഴിലാളി ക്ഷേമനിധി അംഗത്വം നിലനിർത്തിയിട്ടുണ്ട് എന്നും ക്ഷേമനിധി അംഗത്വ നമ്പർ 338 പ്രകാരം 2016 വരെ ക്ഷേമനിധി വിഹിതം ഒടുക്കിയിട്ടുള്ളതാണെന്നും പി.ഐ.യു. റിപ്പോർട്ട് ചെയ്തു. ആയതിനാൽ ടിയാന് മാനദണ്ഡപ്രകാരം ആനുകൂല്യം നൽകാവുന്നതാണ്.

6

b) **ഐവിൻ S/o ശിലുവപിച്ച** : ടിയാൾ പള്ളം ഫിഷറീസ് ഓഫീസിലെ രേഖകൾ പ്രകാരം സാധുവായ മത്സ്യത്തൊഴിലാളി ക്ഷേമനിധി അംഗത്വം നിലനിർത്തിയിട്ടുണ്ട് എന്നും 2003 വർഷം മുതൽ 2019 വർഷം വരെ മത്സ്യത്തൊഴിലാളി ക്ഷേമനിധി വിഹിതം ഒടുക്കിയിട്ടുണ്ട് എന്നും (ക്ഷേമനിധി നമ്പർ 3281) പി.ഐ.യു. റിപ്പോർട്ട് ചെയ്തിരിക്കുന്നു. ആയതിനാൽ ടിയാന് മാനദണ്ഡപ്രകാരം ആനുകൂല്യം നൽകാവുന്നതാണ്.

c) **ലോറൻസ്.എ.** : ടിയാൻ 28.11.2016-ൽ മരണപ്പെട്ടു എന്നും ക്ഷേമനിധി അംഗത്വ നമ്പർ 2527 പ്രകാരം ടിയാൻ സാധുവായ ക്ഷേമനിധി അംഗത്വം 2016-ൽ മരണപ്പെടുന്നത് വരെ നിലനിർത്തിയിരുന്നു എന്നും ടി കാലയളവ് വരെ ക്ഷേമനിധി വിഹിതം ഒടുക്കിയിരുന്നു എന്നും പി.ഐ.യു. റിപ്പോർട്ട് ചെയ്തു. ആയതിനാൽ ടിയാന്റെ ആശ്രിതർക്ക് കൃത്യമായ രേകഖളുടെ അടിസ്ഥാനത്തിൽ മാനദണ്ഡപ്രകാരം ആനുകൂല്യം നൽകാവുന്നതാണ്.

d) **ജോസഫ് S/o മിഖേൽ** : ടിയാൻ പദ്ധതി നിലവിൽ വരുന്നതിന് വളരെ വർഷങ്ങൾക്ക് മുൻപ് 2008-ൽ T10/231 നമ്പരായി മത്സ്യത്തൊഴിലാളി ക്ഷേമനിധി പെൻഷൻ കൈപ്പറ്റുന്നയാളാണ് എന്നും ടിയാന് പദ്ധതി മൂലം ജീവനോപാധി നഷ്ടം സംഭവിച്ചു എന്ന് കണക്കാക്കാൻ കഴിയില്ല എന്നും പി.ഐ.യു. റിപ്പോർട്ട് ചെയ്തിരിക്കുന്നു. ആയതിനാൽ ടിയാന്റെ അപേക്ഷ നിരസിക്കാവുന്നതാണ്.

**അജണ്ട 11 മുൻ AC LIAC തീരുമാന പ്രകാരം അധിക രേഖകൾ സമർപ്പിക്കാൻ നൽകിയിരുന്ന സമയപരിധിക്കുള്ളിൽ ടി രേഖകൾ സമർപ്പിച്ചവരുടെ തുടർ അന്വേഷണം സംബന്ധിച്ച്**

**തീരുമാനം:** മുൻ AC LIAC തീരുമാനപ്രകാരം അധിക രേഖകൾ സമർപ്പിയ്ക്കാൻ നിശ്ചയിച്ചിരുന്ന സമയപരിധിയ്ക്കുള്ളിൽ ടി രേഖകൾ സമർപ്പിച്ചവരിൽ വിഴിഞ്ഞം സൗത്ത് മത്സ്യഗ്രാമത്തിൽ നിന്നുള്ള 76 പേരുടെയും അടിമലത്തുറ മത്സ്യഗ്രാമത്തിൽ നിന്നുള്ള 5 പേരുടെയും ലഭ്യമായ അപേക്ഷകൾ മത്സ്യഭവൻ ഓഫീസർ, പ്രോജക്ട് ഓഫീസർ, മത്സ്യഫെഡ്, മത്സ്യത്തൊഴിലാളി ക്ഷേമനിധി ഫണ്ട് ബോർഡ് ഓഫീസർ എന്നിവരടങ്ങിയ 3 അംഗ സബ്കമ്മിറ്റിയ്ക്ക് അന്വേഷണങ്ങൾക്കായി നൽകേണ്ടതും സബ്കമ്മിറ്റി ആയത് അന്വേഷിച്ച് നിരസിയ്ക്കുന്നതിനോ ശുപാർശ ചെയ്യുന്നതിനോ ഉള്ള വ്യക്തവും വിശദവുമായ റിപ്പോർട്ട് സഹിതം അടിയന്തിരമായി സമർപ്പിക്കേണ്ടതുമാണ്.

**അജണ്ട 12 വിഴിഞ്ഞം സൗത്ത് മത്സ്യഗ്രാമത്തിൽ നിന്നുള്ള കരമടി തൊഴിലാളികളുടെ 89 പേരുടെ 04.12.2018-ലെ AC LIAC അംഗീകരിച്ച് റിപ്പോർട്ട് ആയിരുന്നത് പുനഃപരിശോധിയ്ക്കണമെന്നുള്ള വിഴിഞ്ഞം ഇടവകയുടെ ആവശ്യം സംബന്ധിച്ച്**

**തീരുമാനം:** ലിയാക് സബ്കമ്മിറ്റി നടത്തിയ വിവിധ അന്വേഷണങ്ങളിൽ അർഹരല്ല എന്ന് കണ്ടെത്തിയവർ അപ്പീലായി സമർപ്പിച്ച അപേക്ഷകളും വിഴിഞ്ഞം ഇടവക സമർപ്പിച്ച അപേക്ഷയും ഉൾപ്പെടെ 89 പേരുടെ അപേക്ഷ അന്വേഷണം പൂർത്തീകരിച്ച് സബ്കമ്മിറ്റി ശുപാർശയോടെ 04.12.2018-ലെ AC LIAC ടി റിപ്പോർട്ട് അംഗീകരിച്ചിരുന്നു. എന്നിരുന്നാലും നിലവിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കമ്മിറ്റി ഈ വിഷയം വിശദമായി ചർച്ച ചെയ്യുകയും ഇടവകയുടെ ആവശ്യം പരിഗണിച്ച് തികച്ചും അർഹരായവർ ടി റിപ്പോർട്ടിൽ ഉൾപ്പെടാതെ പോയിട്ടുണ്ടെങ്കിൽ ആയവർക്ക് അവസരം നൽകുന്നതിനുമായി 3 അംഗ സബ്കമ്മിറ്റി മേൽ 89 പേരുടെയും അന്വേഷണം നടത്തേണ്ടതും നിരസിയ്ക്കുന്നതിനോ ശുപാർശ ചെയ്യുന്നതിനോ ഉള്ള വ്യക്തവും വിശദവുമായ റിപ്പോർട്ട് സഹിതം അടിയന്തിരമായി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

**അജണ്ട 13 വിഴിഞ്ഞം സൗത്ത് മത്സ്യഗ്രാമത്തിൽ നിന്നുള്ള അധികമായി ഉൾപ്പെട്ടു വരുന്ന കരമടി ഉടമസ്ഥരെ സംബന്ധിച്ച് മുൻ AC LIAC യോഗങ്ങളിൽ കൈക്കൊണ്ട തീരുമാനം പുനഃപരിശോധിയ്ക്കുന്നത് സംബന്ധിച്ച്**

**തീരുമാനം:** ബഹുമാനപ്പെട്ട തുറമുഖവകുപ്പ് മന്ത്രിയുടെ 11.11.2015-ലെ യോഗത്തിൽ വിഴിഞ്ഞം സൗത്ത് (കോട്ടപ്പുറം) പ്രദേശത്തെ കരമടി ഉടമസ്ഥരുടെ നഷ്ടപരിഹാരം ലഭിച്ചിട്ടില്ല എന് പരാതി പ്രത്യേകം പ്രത്യേകം ചർച്ച നടത്തുകയും അതിൽ 5 കരമടി മാത്രമാണ് കോട്ടപ്പുറം ഭാഗത്ത് പ്രവർത്തിക്കുന്നത് എന്നും 2 കരമടി ഉപകരണങ്ങൾ കരമടി മത്സ്യബന്ധനം നിർത്തി ആയത് ആണ് കടപ്പുറത്ത് ശേഷിയ്ക്കുന്നത് എന്നും മനസ്സിലാക്കിയതായും ആയതിന്റെ വീഡിയോ ദൃശ്യങ്ങൾ ഉൾപ്പെടെ നടപടിക്രമങ്ങൾ പാലിച്ച് 2016 ഏപ്രിൽ മാസത്തിൽ വിസിൽ ഏറ്റെടുത്തിട്ടുള്ളതുമാണ്. പ്രസ്തുത സമയത്ത് മറ്റ് കരമടികൾ ഒന്നും തന്നെ പ്രവൃത്തിയ്ക്കുന്നതായോ പ്രവർത്തന രഹിതമായി മാറ്റി വച്ചിരിക്കുന്നതായോ ഉണ്ടായിരുന്നില്ല. ആയതിന്റെ അടിസ്ഥാനത്തിൽ മറ്റ് അപേക്ഷകൾ വാസ്തവമല്ല എന്ന് കണ്ടെത്തിയതിനാൽ വിഴിഞ്ഞം കോട്ടപ്പുറം പ്രദേശത്തെ നഷ്ടപരിഹാരം നൽകി കഴിഞ്ഞതോ പുതിയതോ ആയ ഒരു കരമടി ഉടമസ്ഥാവകാശങ്ങളും പരിഗണിക്കേണ്ടതില്ല എന്ന് 28.09.2019-ലെ AC LIAC തീരുമാനം

8

കൈക്കൊണ്ടിരുന്നു. എന്നിരുന്നാലും AC LIAC ഈ വിഷയം വളരെ വിശദമായി തന്നെ ചർച്ച ചെയ്യുകയും ഇവരെ പരിഗണിയ്ക്കുന്നതിനുള്ള സാധ്യതകൾ വിലയിരുത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പുതിയ കരമടി ഉടമസ്ഥാവകാശം പരിഗണിയ്ക്കുന്നതിനുള്ള ഒരു സാധ്യതയും നിലവിൽ ഇല്ല എന്നും ഇനിയും പുതിയ ഉടമസ്ഥാവകാശങ്ങൾ പരിഗണിക്കുകയാണെങ്കിൽ ഓരോ കരമടി ഉടമസ്ഥന്റെയും കീഴിൽ പ്രവർത്തിയ്ക്കുന്നവർ എന്ന വിഭാഗത്തിൽ ധാരാളം അനർഹമായ അപേക്ഷകളും പരിഗണിക്കേണ്ടതായും വരുന്നതാണ്. ആയതിനാൽ പുതിയ കരമടി ഉടമസ്ഥാവകാശങ്ങൾ പരിഗണിക്കാൻ കഴിയുന്നതല്ല എന്ന് കമ്മിറ്റി ഏകകണ്ഠമായി തീരുമാനം കൈക്കൊണ്ടു.

**അജണ്ട 14 വിഴിഞ്ഞം മത്സ്യഗ്രാമത്തിൽ നിന്നുള്ള കട്ടമരതൊഴിലാളി വിഭാഗത്തിന് അർഹമായ ജീവനോപാധി നഷ്ടം തുക തീരുമാനിക്കുന്നത് സംബന്ധിച്ച്**

**തീരുമാനം:** 2015 വർഷം പ്രസിദ്ധീകരിച്ച ലിയാക് റിപ്പോർട്ടിൽ പേജ് 263-ൽ കട്ടമര വിഭാഗത്തിൽപ്പെട്ടവർക്ക് നഷ്ടപരിഹാര തുക നിശ്ചയിച്ചിട്ടുണ്ട്. ആയത് പ്രതിദിനം 229 രൂപ നിരക്കിൽ ഒരു വർഷം 180 പ്രവൃത്തി ദിനം എന്ന കണക്കിൽ രണ്ട് വർഷത്തേയ്ക്ക് ഒരു കട്ടമര ഉടമസ്ഥന് 82440 രൂപ എന്ന് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ തുറമുഖ നിർമ്മാണം നിലവിലും തുടരുന്നതിനാൽ ടി തുക പര്യാപ്തമാണോ എന്നും കമ്മിറ്റി ചർച്ച ചെയ്തു മേൽ നിശ്ചയിച്ച തുക തന്നെ AC LIAC ശുപാർശ ചെയ്യുന്നതും ഇതിന്മേൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിന് സർക്കാരിലേയ്ക്ക് വിശദമായ കത്ത് നൽകുന്നതിനും വിസിലിനെ ചുമതലപ്പെടുത്തി.

യോഗം 1 PM ന് അവസാനിച്ചു.

ജില്ലാ കളക്ടർ

District Collector
Thiruvananthapuram

| പട്ടിക 1<br>LIAC അപ്പീൽ കമ്മറ്റിയുടെ ഉപ സമിതി (PIU) കരമടി സംബന്ധിച്ച് നടത്തിയ രേഖാ പരിശോധനയിലും സ്ഥല പരിശോധനയിലും അടിമലത്തുറ കടപ്പുറത്ത് തുറമുഖ നിർമ്മാണം മൂലം ജീവനോപാധി നഷ്ടപ്പെടുന്നതും നഷ്ടപരിഹാരത്തിന് അർഹരാണെന്നു കണ്ടെത്തിയ കരമടി തൊഴിലാളികൾ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| ക്രമ നം. | അപേക്ഷ നം. | പരാതിക്കാരന്റെ പേരും മേൽവിലാസവും | ക്ഷേമനിധി ബോർഡ് അംഗത്വം | ആധാർ നം. | ഇലക്ഷൻ ഐ.ഡി, | റേഷൻ കാർഡ് നം. | ബാങ്ക് | അക്കൗണ്ട് നം | ഫോട്ടോ | റിപ്പോർട്ട് |
| 1 | SN09/915 | ശബരിയപ്പൻ<br>s/0 സിൽവടിമ, 10/49,<br>സ്റ്റാലിൻ ഹൗസ്, അടിമലത്തുറ, ചൊവ്വര, 695501<br>2267074 | 338 | XXXX-XXXX-8521 | SHB 0880823 | 1106038574 | Indian Bank, Karumkulam | 999-261-397 |  | ടിയാൻ കരമടി തൊഴിലാളി ആണ് എന്ന് അന്വേഷണത്തിൽ അറിയാൻ കഴിയുന്നു. ടിയാന് സാധുവായ മത്സ്യതൊഴിലാളി ക്ഷേമനിധി അംഗത്വമുണ്ട്. 2016 വരെ വിഹിതം ഒടുക്കിയിട്ടുണ്ട്. മാനദണ്ഡ പ്രകാരം ആനുകൂല്യം നൽകാവുന്നതാണ്. |
| 2 | SN09/20 | ഐവിൻ, വിജി ഹൗസ്,<br>അമ്പലത്തുമൂല, അടിമലത്തുറ, ചൊവ്വര പി.ഒ<br>9633381945 | 3281 | XXXX-XXXX-7826 | SHB1190339 | 1106038607 | | |  | ടിയാൻ കരമടി തൊഴിലാളി ആണ് എന്ന് അന്വേഷണത്തിൽ അറിയാൻ കഴിയുന്നു. ടിയാന് സാധുവായ മത്സ്യതൊഴിലാളി ക്ഷേമനിധി അംഗത്വമുണ്ട്. 2019 വരെ വിഹിതം ഒടുക്കിയിട്ടുണ്ട്. മാനദണ്ഡ പ്രകാരം ആനുകൂല്യം നൽകാവുന്നതാണ്. |
| 3 | SN09/862 | ലോറൻസ് എ.<br>s/0 ആംബ്രോസ്, പുറമ്പോക്ക് പുരയിടം, അടിമലത്തുറ, ചൊവ്വര പി. ഒ.<br>കോട്ടുകാൽ 695501<br>7736299085 | 2527 | XXXX-XXXX-0892 | SHB0791855 | 1106038531 | Indian Bank, Karumkulam | 986-926-948 |  | ടിയാൻ കരമടി തൊഴിലാളി ആയിരുന്നു എന്നും ഫ്രാൻസിസ് ജോസഫ് എന്നയാളുടെ ഉടമസ്ഥതയിലുള്ള കരമടിയിൽ തൊഴിലാളി ആയി ജോലി ചെയ്തിരുന്നു എന്നും അറിയാൻ കഴിഞ്ഞു. 28/11/2016 ൽ മരണപ്പെട്ടു. മരണപ്പെടുന്നതു വരെ ടിയാന് സാധുവായ മത്സ്യതൊഴിലാളി ക്ഷേമനിധി അംഗത്വമുണ്ടായിരുന്നു. ടിയാന്റെ ആശ്രിതർക്ക് കൃത്യമായ രേഖകളുടെ അടിസ്ഥാനത്തിൽ മാനദണ്ഡ പ്രകാരം ആനുകൂല്യം നൽകാവുന്നതാണ്. |

**പട്ടിക 5**

**LIAC അപ്പീൽ കമ്മറ്റിയുടെ ഉപ സമിതി (PIU) കരമടി സംബന്ധിച്ച് നടത്തിയ രേഖാ പരിശോധനയിലും സ്ഥല പരിശോധനയിലും അടിമലത്തുറ കടപ്പുറത്ത് തുറമുഖ നിർമ്മാണം മൂലം ജീവനോപാധി നഷ്ടപ്പെടുന്നതും നഷ്ടപരിഹാരത്തിന് അർഹരല്ലെന്ന് കണ്ടെത്തിയവർ**

| ക്രമ നം. | അപേക്ഷ നം. | പരാതിക്കാരന്റെ പേരും മേൽവിലാസവും | ക്ഷേമനിധി ബോർഡ് അംഗത്വം | ആധാർ നം. | ഇലക്ഷൻ ഐ.ഡി, | റേഷൻ കാർഡ് നം. | ബാങ്ക് | അക്കൗണ്ട് നം | ഫോട്ടോ | റിപ്പോർട്ട് |
|---|---|---|---|---|---|---|---|---|---|---|
| 1 | SN09/496 | ജോസഫ് s/o മിഖേൽ,<br>പുറംപോക്ക് പുരയിടം,<br>അടിമലത്തുറ,<br>ഫോൺ–9809483715 | T10/231 Pensioner | XXXX-XXXX-9953 | SHB0884221 | 1106038752 | | |  | ടിയാൻ പദ്ധതി നിലവിൽ വരുന്നതിന് വർഹങ്ങൾക്ക് മുമ്പ് 2008 ൽ T10/231 നമ്പരായി മത്സ്യത്തൊഴിലാളി ക്ഷേമനിധി പെൻഷൻ കൈപ്പറ്റുന്നയാളാണ്. ടിയാന് പദ്ധതി മൂലം ജീവനോപാധി നഷ്ടം സംഭവിച്ചുവെന്ന് കണക്കാക്കാൻ കഴിയില്ല. ആയതിനാൽ ടിയാന്റെ അപേക്ഷ നിരസിക്കാവുന്നാണ്. |







കേരള സർക്കാർ

# വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി

## കരമടി മത്സ്യബന്ധനം

ഉപജീവനാഘാത നിർണ്ണയ അപ്പീൽ കമ്മിറ്റി

സമർപ്പിക്കുന്ന റിപ്പോർട്ട്

ഡിസംബർ 2020